# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഒക്ടോബർ 2025



- ജപമാല: ഉത്ഭവവും ഉള്ളടക്കവും
- ഓർമ്മകളിലെ മോൺസിഞ്ഞോർ റാഫേൽ ഒളാട്ടുപുറം
- സന്യസ്ഥർക്ക് ബലം നൽകുന്ന ജപമാല

# മുഖമൊഴി





**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

# പെയ്തു തീരാത്ത സ്നേഹ മഴ...

**പൊക്കിൾകൊടി മുറിച്ച് മാറ്റുമ്പോൾ വേദനിക്കുന്നുണ്ടോ ?**
**എന്ന് ചോദിച്ച ഡോക്ടറോട് അമ്മ തിരിച്ച് ചോദിച്ചത്**
**'എന്റെ കുട്ടിക്ക് വേദനിക്കോ' എന്നാണ്.**

*-Unknown author*

**വൃ**ദ്ധരായ അമ്മമാരെ കാട്ടിൽ ഉപേക്ഷിക്കാൻ രാജാവ് ഉത്തരവിട്ടു. പ്രഭാതത്തിൽ മകൻ അമ്മയുമായി യാത്രയായി. ഘോരവനം... മുൾപ്പടർപ്പിന്റെ യാതന... മുൾപ്പടർപ്പുകൾ ഓരോന്നായി വകഞ്ഞുമാറ്റി മകൻ അമ്മയ്ക്കായി വഴിയൊരുക്കി.

യാത്രാമധ്യേ, മകൻ ശ്രദ്ധിച്ചു - അമ്മ വളരെ പിന്നിലാണ്. തന്റെ വയ്യാത്ത കാലുകൾ വച്ച്, ഊന്നുവടി ഉപയോഗിച്ച് മുൾപ്പടർപ്പുകൾ ഓരോന്നായി മാറ്റുകയായിരുന്നു അമ്മ.

ആശ്ചര്യത്തോടെ മകൻ ചോദിച്ചു:

"അമ്മ, എന്തിനാണ് ഈ വിഡ്ഢിത്തം? അമ്മയ്ക്കായി ഞാൻ വഴിയൊരുക്കുന്നുണ്ടല്ലോ."

അമ്മയുടെ മറുപടി ഹൃദയം തുളച്ച് കടന്നുപോയി:

"മോനേ, ഞാൻ ഒരുക്കുന്ന വഴി എനിക്കല്ല, നിനക്കാണ്. കാടിന്റെ നിഗൂഢതയിൽ അമ്മയെ ഉപേക്ഷിച്ച് നീ ഒറ്റയ്ക്ക് മടങ്ങുമ്പോൾ, നിന്റെ കാലുകളിൽ മുള്ള് തറക്കാതിരിക്കാനും, നിന്റെ പാദങ്ങളിൽ കല്ല് തട്ടാതിരിക്കാനും വേണ്ടിയാണ് ഞാൻ വഴിയൊരുക്കുന്നത്. ഈ വിഡ്ഢിത്തത്തെ വിളിക്കുന്ന പേരാണ് സ്നേഹം."



അമ്മയുടെ സ്നേഹത്തോളം വരില്ല ഈ ലോകത്തിലെ മറ്റൊരാളുടെ സ്നേഹവും. അമ്മയ്ക്കു തുല്യം അമ്മ മാത്രം.

കുരിശിന്റെ വഴിയിൽ, തന്റെ മകന്റെ സഹനവും വേദനയും പങ്കുവെച്ച്, അവനൊപ്പം നടന്ന ഒരു അമ്മയുടെ ഹൃദയ വേദനയുടെയും സ്നേഹത്തിന്റെയും കരുതലിന്റെയും നിറവാണ് ജപമാലയുടെ ഓരോ മണിയിലും നമ്മൾ അനുഭവിക്കുന്നത്. ലോകത്തിന്റെ ഇരുണ്ട കാടുകളിൽ വഴിതെറ്റിപ്പോകുന്ന മക്കൾക്കായി പരിശുദ്ധ അമ്മ വഴിയൊരുക്കുന്നു.

ഈശോയുടെ പാദങ്ങളിൽ പതിഞ്ഞ മുറിവുകൾക്കും വേദനകൾക്കും ഒപ്പം, പരിശുദ്ധ അമ്മയുടെ കണ്ണീരും കരുണയും ചേർന്നിരുന്നു. മനുഷ്യപാപങ്ങളുടെ ഭാരവും മുള്ളും അവൾ തന്റെ മകന്റെ കൂടെച്ചേർന്ന് ഏറ്റെടുത്തു.

അതുകൊണ്ടുതന്നെ, ആഗോള കത്തോലിക്കാ സഭ ഒക്ടോബർ മാസത്തെ പരിശുദ്ധ കന്യകാമറിയത്തിന്റെ ജപമാല മാസമായി സമർപ്പിക്കുന്നു. സഭ നമ്മെ ഓർമ്മപ്പെടുത്തുന്നതും അതുതന്നെയാണ് - അമ്മയായ മറിയം, തന്റെ മക്കളായ എല്ലാവർക്കും ഈശോയിലേക്കും സ്വർഗത്തിലേക്കും വഴിയൊരുക്കുന്നവളാണ്.

ജപമാലയിലൂടെ നമ്മൾ അനുഭവിക്കുന്ന ആത്മീയ ശക്തി അമ്മയുടെ സ്നേഹത്തിന്റെ പ്രതിഫലനമാണ്.

അതൊരു വഴിയൊരുക്കലാണ്-

പാപത്തിൽ നിന്ന് വിശുദ്ധിയിലേക്കും,

ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കും,

വേദനയുടെ നടുവിൽ നിന്ന് ആശ്വാസത്തിലേക്കും.

ജപമാല കൈകളിൽ എടുക്കുമ്പോൾ, നമ്മളെല്ലാവരും അമ്മ ഒരുക്കിയ വഴിയിലൂടെ സുരക്ഷിതമായി നടക്കുന്നു.

ഒക്ടോബർ മാസം പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും മാസമായി മാറട്ടെ. ജപമാലയുടെ വഴിയിൽ, പരിശുദ്ധ അമ്മയുടെ കരുതലിൽ, നമ്മുടെ ജീവിതം ദൈവത്തിലേക്കുള്ള യാത്രയായി വളരട്ടെ,





ജപമാല ചൊല്ലി കൊണ്ടിരിക്കുന്ന ഒരു സൈന്യത്തെ എനിക്കു തരൂ..
ഞാൻ ഈ ലോകം കീഴടക്കാം

- വാഴ്ത്തപ്പെട്ട പിയൂസ് ഒമ്പതാമൻ

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഒക്ടോബർ 2025



**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**

ശ്രീമതി നിഷ സോജൻ



എഡിറ്റർ, ദിദിമോസ്, വികാസ്,

കോട്ടപ്പുറം - 680 667

ഫോൺ : 8281420078

didimoskottapuram@gmail.com


## താളുകളിൽ


*പൈതൃകാമുഖം*

**ജപമാല: ഉത്ഭവവും ഉള്ളടക്കവും .................... 4**

**ഓർമ്മകളിലെ മോൺസിഞ്ഞോർ റാഫേൽ ഒളാട്ടുപുറം .................................. 7**

**സന്യസ്ഥർക്ക് ബലം നൽകുന്ന ജപമാല ............ 10**

*വിശ്വാസത്തിന്റെ വഴിത്താര*

**അഞ്ചാം പ്രമാണം :- ജീവന്റെ മഹത്വം............... 12**

*ഉണ്ണിക്കവിത*

**തൊടിയിലെ കൃഷി .................................. 14**

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*

**സുവിശേഷകന്മാരും അവരുടെ പ്രതീകങ്ങളും ..... 15**

*അയൽക്കൂട്ടം*

**മാഗ്നിഫിക്കറ്റ്........................................ 17**

**രൂപത വാർത്തകൾ .................................. 20**

**പിതാവിന്റെ ഡയറി.................................. 27**

**ലോഗോസ് ക്വിസ് ഉത്തരം ............................ 27**

*വചനധ്യാനം*

**വചനം പഠിക്കാം ഈശോയെ അറിയാം .................. 28**



# ജപമാല
## ഉത്ഭവവും ഉള്ളടക്കവും



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**ഒ**ക്ടോബർ മാസം ജപമാലയുടെ മാസമായാണ് കത്തോലിക്കാ സഭ ആചരിക്കുന്നത്. ഒക്ടോബർ ഏഴിന് ജപമാല രാജ്ഞിയുടെ തിരുനാൾ ആഘോഷിക്കുന്നതിന്റെ ഭാഗമായി ഈ മാസത്തെ മുഴുവനും വിശുദ്ധമായി നാം കരുതുന്നു. 1571ൽ ഗ്രീസിനടുത്തുള്ള പത്രാസിലെ Le Panto വിന് സമീപമാണ് ക്രൈസ്തവരും ഓട്ടോമാൻ സാമ്രാജ്യവും തമ്മിൽ യുദ്ധം നടന്നത്. ക്രൈസ്തവരെയും യൂറോപ്പിനെയും ഒന്നടങ്കം നശിപ്പിക്കുവാനായി ഓട്ടോമാൻ സാമ്രാജ്യം കച്ചകെട്ടി ഇറങ്ങിയപ്പോൾ വിശുദ്ധ അഞ്ചാം പിയൂസ് പാപ്പായുടെ നേതൃത്വത്തിൽ ക്രൈസ്തവ നാവിക സേനകളായ സ്പെയിനും, വെനെസിയയും അടക്കമുള്ള ചില ക്രൈസ്തവരാജ്യങ്ങൾ ഒരുമിച്ച് നിന്നു യുദ്ധം ചെയ്തു. ക്രൈസ്തവരുടെ വിശുദ്ധ സഖ്യം അംഗബലത്തിലും ശക്തിയിലും ചെറുതായിരുന്നെങ്കിലും അവർ ഓട്ടോമൻ സാമ്രാജ്യത്തിന് എതിരെ ധീരമായ വിജയം കൈവരിച്ചു. ആ വിജയത്തിന്റെ ഓർമ്മക്കായി, ഈ യുദ്ധം വിജയിച്ചത് പരിശുദ്ധ അമ്മയോടുള്ള ജപമാല മാധ്യസ്ഥം കൊണ്ടാണെന്ന് പാപ്പ ഉറച്ച് വിശ്വാസിച്ചുകൊണ്ട് ഒക്ടോബർ മാസത്തെ 22-ാം തീയതി വിജയാഘോഷം നടത്തുകയും ഈ മാസം മുഴുവനും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥത്തിന് സമർപ്പിക്കുകയും അമ്മയെ വിജയരാജ്ഞിയായി എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. യുദ്ധം തുടങ്ങുന്നതിനു മുൻപ് ജപമാല ചൊല്ലുകയും, ജപമാല പ്രദക്ഷിണവും നടത്തുകയും ചെയ്യണമെന്ന ആഹ്വാനം സ്വീകരിച്ചതിനാലാണ് ഈ വിജയം കൈവരിച്ചതെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് പരിശുദ്ധ അമ്മയെ 'വിജയരാജ്ഞി' എന്ന് പാപ്പ പ്രഖ്യാപിച്ചത്. പിന്നീട് പരിശുദ്ധ അമ്മയെ ജപമാലരാജ്ഞി എന്ന് വിളിക്കുവാൻ ആരംഭിച്ചു.

ജപമാലയുടെ ഉത്ഭവത്തെക്കുറിച്ച് പറയുമ്പോൾ മൂന്നാം നൂറ്റാണ്ടു മുതൽ പതിനൊന്നാം നൂറ്റാണ്ട് വരെ ജപമാലയുടെ പ്രാരംഭഘട്ടമായി നമുക്ക് കാണാൻ സാധിക്കും. ആദ്യനൂറ്റാണ്ടുകൾ മുതൽ ക്രൈസ്തവർ ധ്യാനാത്മകമായ് പ്രാർത്ഥനകൾ ഉരുവിടുന്ന രീതി അവലംബിച്ചിരുന്നു. സന്യാസികൾ 150 സങ്കീർത്തനങ്ങൾ ചെല്ലുന്ന രീതി ജപമാലയുടെ തുടക്കമായി കാണാം. എന്നാൽ എഴുത്തും വായനയും വശമില്ലാതിരുന്ന സാധാരണക്കാർ 150 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലുകയും ചെറിയ കല്ലുകൾ വച്ചും, ചരടുകളിൽ ചെറിയ കെട്ടുകൾ ഉണ്ടാക്കിയും എണ്ണം തെറ്റാതെ പ്രാർത്ഥിക്കാൻ ആരംഭിച്ചു. ലത്തീൻ ഭാഷയിൽ ചൊല്ലിയിരുന്ന ഈ പ്രാർത്ഥന paternoster cord (സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ചരട്) എന്നാണ് അറിയപ്പെട്ടിരുന്നത്.

11 മുതൽ 12 വരെയുള്ള മധ്യനൂറ്റാണ്ടുകളിൽ പരിശുദ്ധ അമ്മയോടുള്ള ഭക്തി കൂടുതൽ പ്രചുരപ്രചാരം വന്നപ്പോൾ 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന 150 പ്രാവശ്യം ചൊല്ലുവാൻ ആരംഭിച്ചു. അതോടൊപ്പം തന്നെ ചെറിയ ധ്യാനചിന്തകൾ കൂട്ടിച്ചേർക്കുവാനും ആരംഭിച്ചു. 1200 ആകുമ്പോഴേക്കും വിശുദ്ധ ഡോമിനിക്കിന്റെ കടന്നുവരവും ഡൊമിനിക്കൻ സഭയുടെ സാന്നിധ്യവും ജപമാലയുടെ പ്രചാരണത്തിന് കൂടുതൽ പ്രാധാന്യം കിട്ടി. വി. ഡൊമിനിക് തനിക്ക് പരിശുദ്ധ അമ്മയിൽ നിന്ന് ജപമാല ലഭിച്ചതായും പാപികളെ മാനസാന്തരപ്പെടുത്തുവാനും പാഷാണ്ഡതകൾക്കെതിരെ പോരാടുവാനുള്ള ആത്മീയ ആയുധമായും ജപമാലയെ കാണുകയും ജപമാല ഭക്തി ശക്തിപ്പെടുത്തുവാനും തുടങ്ങി. ഡൊമിനിക്കൻ സന്യാസികളുടെ സാന്നിധ്യം ജപമാലഭക്തി പ്രചരിപ്പിക്കുവാൻ ഇത്തരുണത്തിൽ കാരണമായി.

ഒരു സ്ട്രക്ച്ചറൽ രൂപം ജപമാലയ്ക്ക് കൈവന്നത് 15-ാം നൂറ്റാണ്ടിലാണ്. ആ സമയത്താണ് ഒരു ചെറിയ ധ്യാന ചിന്തയും അതേത്തുടർന്ന് സ്വർഗ്ഗസ്ഥനായ എന്ന പ്രാർത്ഥനയും 10 നന്മ നിറഞ്ഞ മറിയവും ചൊല്ലുവാൻ തുടങ്ങിയത്. പരിശുദ്ധ അമ്മയ്ക്ക് റോസാപുഷ്പങ്ങൾ കൊണ്ട് ഒരു കിരീടം ഉണ്ടാക്കുക എന്ന ചിന്തയിൽ നിന്നും rosary അല്ലെങ്കിൽ rosarium എന്ന വാക്ക് കടന്നുവന്നു. യേശുവിന്റെയും മാതാവിന്റെയും ജീവിതസഹസ്യങ്ങൾ ചേർത്തു വച്ചുകൊണ്ട് ജപമാലയെ ഒരു സുവിശേഷ പ്രാർത്ഥനയായാണ് കാണുവാൻ തുടങ്ങിയത്.

വി. അഞ്ചാം പീയൂസ് പാപ്പായുടെ കാലഘട്ടം മുതലാണ് ജപമാലയ്ക്ക് കൂടുതൽ പ്രാധാന്യം വന്നത്. 1571ലെ Le Panto യുദ്ധവും അന്ന് ജപമാല പ്രാർത്ഥനയ്ക്ക് ലഭിച്ച പ്രാധാന്യവും ഇതോടൊപ്പം ചേർത്ത് വായിക്കാവുന്നതാണ്. പീയൂസ് അഞ്ചാമൻ പാപ്പായുടെ നേതൃത്വത്തിൽ 150 നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലുവാനും അതിനെ 15 ദശകങ്ങളാക്കുകയും സന്തോഷകരം, ദു:ഖകരം, മഹത്വകരം എന്നീ മൂന്ന് ദിവ്യരഹസ്യങ്ങളാക്കി ക്രമപ്പെടുത്തുവാനും തുടങ്ങിയതോടെ ജപമാല പ്രാർത്ഥന യേശുവിനെക്കുറിച്ചു ധ്യാനിക്കുവാനും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം തേടുവാനുള്ള ഒരു പ്രാർത്ഥനാരീതിയായിത്തീർന്നു.

17, 18 നൂറ്റാണ്ടുകളിൽ ജപമാലയ്ക്ക് സാർവത്രികമായി കൂടുതൽ പ്രാധാന്യം കൈവന്നു. വിശുദ്ധ ലൂയിസ് ദേ മോൺഫോർട്ട് ജപമാലയെ സാധാരണ എല്ലാ ദിവസവും ശക്തമായി ചൊല്ലേണ്ട പ്രാർത്ഥനയായി ക്രമപ്പെടുത്തി. 1884 ൽ 'ജപമാലയുടെ പാപ്പാ' എന്നറിയപ്പെടുന്ന ലെയോ പതിമൂന്നാമൻ പാപ്പ തന്റെ 11 ചാക്രികലേഖനത്തിലൂടെ ജപമാലയുടെ പ്രാധാന്യവും ഒക്ടോബർ മാസം എല്ലാ കുടുംബങ്ങളിലും എല്ലാവരും ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി. പത്താം പീയൂസ് പാപ്പാ ജപമാല പ്രാർത്ഥനയെ ഏറ്റവും ഉപകാരപ്പെടുന്നതും ഏറ്റവും മനോഹരവുമായ മാതാവിനോടുള്ള പ്രാർത്ഥനയായാണ് കണ്ടത്. പന്ത്രണ്ടാം പീയൂസ് പാപ്പാ തന്റെ Ingruentium Malorum എന്ന ചാക്രിക ലേഖനത്തിലൂടെ (1951) ജപമാല കുടുംബങ്ങളുടെ സംരക്ഷണത്തിനുള്ള ആയുധമാണെന്ന് പ്രതിപാദിക്കുകയും ജപമാലയെ വിശ്വാസത്തിന്റെ വിദ്യാലയമായും പുണ്യത്തിന്റെ ആലയമായും കാണണമെന്നും ഓർമിപ്പിച്ചു. ലോകമഹായുദ്ധങ്ങളെ പോലെയുള്ള ദുരിതം നിറഞ്ഞ കാലഘട്ടത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഇരുപത്, ഇരുപത്തിയൊന്ന് നൂറ്റാണ്ടുകളിൽ കത്തോലിക്കാ കുടുംബങ്ങളിൽ ജപമാല പ്രാർത്ഥന ഏറ്റവും പ്രാധാന്യമുള്ള ഒരു പ്രാർത്ഥനയായി തീർന്നു. 1917ൽ ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധ അമ്മ മൂന്ന് ആട്ടിടയ കുട്ടികൾക്ക് നൽകിയ നിർദ്ദേശം എല്ലാ ദിവസവും

ജപമാല ചൊല്ലുമ്പോൾ നാം മാതാവിന്റെ കൈയ്യിൽ പിടിക്കുന്നു 'ചൊല്ലി കഴിയുമ്പോൾ മാതാവ് നമ്മുടെ കയ്യിൽ പിടിക്കുന്നു.

- ഫ്രാൻസിസ് പാപ്പ

ജപമാല ചൊല്ലണം എന്നും ലോകസമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നുമാണ്.

പോൾ ആറാമൻ പാപ്പ അദ്ദേഹത്തിന്റെ In Marialis Cultus ൽ ജപമാല ക്രിസ്തു കേന്ദ്രീകൃതവും മരിയൻ കേന്ദ്രീകൃതവുമാണെന്നു പ്രഖ്യാപിച്ചു. രക്ഷാകര രഹസ്യത്തെ കുറിച്ചുള്ള ധ്യാനമാണ് ജപമാല പ്രാർത്ഥന എന്ന് അദ്ദേഹം പറയുകയും നമ്മുടെ കുടുംബങ്ങളിൽ ഒരുമിച്ച് എല്ലാവരും പ്രാർത്ഥിക്കണം എന്ന് സൂചിപ്പിക്കുകയും ചെയ്തു.

വി. ജോൺ പോൾ രണ്ടാമൻ പാപ്പാ 2002 ൽ Rosarium Virginis Mariae എന്ന ലിഖിതത്തിലൂടെ ജപമാലയ്ക്ക് പുതിയ ഒരു നിറവുകൂടി നൽകി. പ്രകാശത്തിന്റെ രഹസ്യം കൂട്ടിച്ചേർത്തപ്പോൾ ജപമാല പരിശുദ്ധ അമ്മയുടെ സ്കൂൾ ആണെന്നും അവിടെ നിന്നുമാണ് മക്കളായ നാം യേശുവിനെക്കുറിച്ചു പഠിക്കുന്നതെന്നും വ്യക്തമാക്കി. എല്ലാ ദിവസവും ജപമാല എല്ലാ കുടുംബങ്ങളിലും ചൊല്ലണമെന്നും ഈ പ്രാർത്ഥന ധ്യാനവും മധ്യസ്ഥതയും ഒരുമിച്ചു ചേർക്കുന്ന ഹൃദയത്തിന്റെ പ്രാർത്ഥനയാണെന്നു ഉദ്ബോധിപ്പിച്ചു. അദ്ദേഹം ജപമാലയെ സുവിശേഷത്തിന്റെ സംഗ്രഹം എന്നും ക്രൈസ്തവ ജീവിതത്തിന്റെ ചെറിയ രൂപമാണെന്നും പ്രഖ്യാപിച്ചു. വിശുദ്ധ ജോൺ പോൾ പാപ്പാ ജപമാലയെ തനിക്ക് ഏറ്റവും ഇഷ്ടമുള്ള പ്രാർത്ഥന എന്നാണ് പറഞ്ഞത്.



ലെയോ പാപ്പാ തന്റെ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത് ജനങ്ങളെ പ്രബോധിപ്പിച്ചപ്പോൾ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥത്തിന് സഭയെ മുഴുവൻ സമർപ്പിക്കുകയും നന്മനിറഞ്ഞ പ്രാർത്ഥന ചൊല്ലി വാക്കുകൾ അവസാനിപ്പിക്കുമ്പോൾ പറഞ്ഞത് പരിശുദ്ധ അമ്മയുടെ ജീവിത മാതൃക സ്വീകരിക്കുവാൻ ജപമാലയിലൂടെ നമുക്ക് സാധിക്കണമെന്നുമാണ്.

2025 ലെ ഒക്ടോബർ മാസം ജപമാല മാസമായി ആചരിക്കുമ്പോൾ ജൂബിലി വർഷത്തിലെ "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (Rom 5 : 5 ) എന്ന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് പ്രത്യാശയുടെ തീർത്ഥാടകരാണെന്ന ബോധ്യത്തോടുകൂടി ഈ ജപമാല മാസത്തെ നമുക്ക് ഏറ്റെടുക്കാം. പരിശുദ്ധ അമ്മ തന്റെ സാന്നിധ്യം കൊണ്ട് മറ്റുള്ളവർക്ക് പ്രത്യാശയും പ്രതീക്ഷയും അനുഗ്രഹവും നൽകിയതുപോലെ ജപമാല പ്രാർത്ഥനയിലൂടെ നമുക്കും നമുക്ക് ചുറ്റുമുള്ളവർക്ക് പ്രത്യാശയും പ്രതീക്ഷയും അനുഗ്രഹവും നൽകാം. ഒക്ടോബർ മാസം മുഴുവൻ നമ്മുടെ കുടുംബങ്ങളിലെ ജപമാല പ്രാർത്ഥന എല്ലാ തിന്മകൾക്കും പൈശാചിക ശക്തികൾക്കും എതിരെയുള്ള നമ്മുടെ ഒരുമിച്ചുള്ള യാത്രയാവട്ടെ. ബാഹ്യമായ ആചാരങ്ങളിൽ കുടുങ്ങിക്കിടക്കാതെ യഥാർത്ഥ വിശ്വാസ സാക്ഷികളായ് അമ്മയുടെ കരം പിടിച്ചു യേശുവിനെക്കുറിച്ചു ധ്യാനിച്ചുള്ള യാത്ര സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയായിത്തീരട്ടെ. നമ്മുടെ കുടുംബത്തിനു വേണ്ടിയുള്ള സംരക്ഷണ കവചം കൂടുതൽ പ്രവർത്തനക്ഷമമാക്കുവാൻ ഓരോ അപ്പനും അമ്മയ്ക്കും ഓരോ മകനും മകൾക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ■



പത്തുലക്ഷത്തോളം കുടുംബങ്ങൾ എല്ലാ ദിവസവും ജപമാല ചൊല്ലുകയാണെങ്കിൽ,
ലോകം മുഴുവനും രക്ഷപ്പെടും.
- വി. പീയൂസ് പത്താമൻ മാർപാപ്പ

# ഓർമ്മകളിലെ മോൺസിഞ്ഞോർ റാഫേൽ ഒളാട്ടുപുറം



**റൈറ്റ് റവ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരി**
സഹായമെത്രാൻ, കണ്ണൂർ രൂപത

**എ**റിയാട് ഫാത്തിമാ മാതാ ഇടവകയിൽ മോൺസിഞ്ഞോർ റാഫേൽ ഒളാട്ടുപുറത്തിന്റെ 15-ാം ചരമ വാർഷിക അനുസ്മരണവുമായി ബന്ധപ്പെട്ട് ഫാ. ആൽബി കോണത്ത് എന്നെ ഈ അടുത്തിടെ ദിവ്യബലിക്കു ക്ഷണിക്കുകയുണ്ടായി. ഈ അവസരത്തിൽ പങ്കെടുക്കുന്ന തോടൊപ്പം അച്ചനെക്കുറിച്ച് ഒരു അനുസ്മരണമായി ഒരു ലേഖനം എഴുതാമെന്ന ആഗ്രഹം എന്നിലുദിച്ചു. അതിന് എന്നെ സഹായിച്ച ടീച്ചർ മേരി ജോണിനെ നന്ദിപൂർവ്വം അനുസ്മരിക്കട്ടെ. പള്ളിപ്പുറം ഇടവകാംഗമായ അച്ചന്റെ ജീവിതം എന്നെ ഏറെ സ്പർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉത്തരവാദിത്വ ബോധവും ചിട്ടയായ ജീവിതവുമെല്ലാം വിദ്യാധനമായി കണ്ടുള്ള കാഴ്ചപ്പാടും ഈ ഒരു പുതിയ തലമുറയിലെ വൈദികർക്കും വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കുമെല്ലാം ഒരുപോലെതന്നെ മാർഗ്ഗനിർദ്ദേശകമാണ്. അച്ചനെ അടുത്തറിഞ്ഞ ശിഷ്യസമൂഹം അച്ചനിൽ നിന്നും ധാരാളം നന്മകൾ സ്വായത്തമാക്കിയിട്ടുണ്ട്.

മുനമ്പം പള്ളിപ്പുറത്ത് ഓളാട്ടുപുറം മാത്യു-അന്നമ്മ ദമ്പതികളുടെ ഒൻപതു മക്കളിൽ ഇളയ മകനായി 1930 ഫെബ്രുവരി 4-ന് ഫാ. റാഫേൽ ഭൂജാതനായി. അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം പള്ളിപ്പുറം സെന്റ് മേരീസ് സ്കൂളിലും, അപ്പർ പ്രൈമറി വിദ്യാഭ്യാസം എസ്. എസ് അരയ യു പി സ്കൂളിലും ഹൈ സ്കൂൾ വിദ്യാഭ്യാസം എറണാകുളം സെന്റ് ആൽബർട്സ് ഹൈ സ്കൂളിലും പൂർത്തിയാക്കി. ഹൈ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ വൈദീകാർത്ഥിയായി. തുടർന്ന് തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ്സ് കോളേജിൽ നിന്ന് ഗണിത ശാസ്ത്രത്തിൽ ഉന്നത ബിരുദം കരസ്ഥമാക്കി. ആലുവ കാർമ്മൽ ഗിരി, മംഗലപ്പുഴ എന്നീ സെമിനാരികളിൽ തത്വശാസ്ത്ര, ദൈവ ശാസ്ത്ര പഠനങ്ങൾ പൂർത്തീകരിച്ച് 1960 മാർച്ച് 11-ന് വരാപ്പുഴ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് അട്ടിപ്പേറ്റിയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജുമായി ബന്ധപ്പെട്ട് പയസ് ടെൻത്, കോസ്മോ പോളിറ്റൻ എന്നീ ഹോസ്റ്റലുകളുടെ വാർഡനുമായി പ്രവർത്തിച്ചു. അവിഭക്ത വരാപ്പുഴ അതിരൂപതാംഗമായിരുന്ന ബഹു. റാഫേലച്ചൻ 17 വർഷം എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ ഗണിത ശാസ്ത്ര അദ്ധ്യാപകനായും, മാനേജരായും ദീർഘകാലം സെന്റ് പോൾസ് കോളേജ് പ്രിൻസിപ്പാളായും, മാനേജരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

റാഫേൽ ഒളാട്ടുപുറം അച്ചൻ സെന്റ് പോൾസ് കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്ന കാലത്ത് ഞാൻ കളമശ്ശേരി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥിയായിരുന്നു. അച്ചൻ പ്രിൻസിപ്പൽ ആയിരുന്ന കാലത്താണ്

*ലോക സുഖങ്ങൾ വെടിയുവാൻ സന്നദ്ധതയുള്ള പത്ത് മനുഷ്യരെ എനിക്കു തരുക. അവരെക്കൊണ്ട് ഈ ലോകത്തെ മാറ്റി മറിക്കാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്.*
- വി. ഫിലിപ്പ് നേരി

ഞാൻ പ്രീഡിഗ്രി പഠനം നടത്തിയത്. അന്ന് അച്ചൻ ദിവസവും കോളേജിനു മുന്നിൽ നടക്കുന്നതു ഞാൻ ഇപ്പോഴും ഓർക്കുന്നു. എല്ലാവരെയും അതിശയിപ്പിക്കുന്നവിധം കോളേജിലെ ആയിരക്കണക്കിനുള്ള വിദ്യാർത്ഥികളെയും ഓരോ ക്ലാസ്സുകാരെയും പ്രത്യേകിച്ച്, വേർതിരിച്ചറിയുമായിരുന്നുവെന്നതും, പ്രിൻസിപ്പൽ എന്ന നിലയിൽ കോളേജിനുവേണ്ടി എത്രമാത്രം ശ്രദ്ധിച്ചിരുന്നുവെന്നതും ശരിക്കും എന്നെ അത്ഭുതപ്പെടുത്തുന്നു.

1987ൽ കോട്ടപ്പുറം രൂപതാ രൂപീകൃതമായതോടെ ബഹുമാനപ്പെട്ട റാഫേലച്ചൻ രൂപതയുടെ പ്രഥമ ചാൻസലർ ആകുകയും തുടർന്ന് സെന്റ് മൈക്കിൾസ് കത്തീഡ്രൽ, എറിയാട് ഫാത്തിമാ മാതാ ഇടവക എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. കോട്ടപ്പുറം രൂപതാ എഡ്യൂക്കേഷൻ മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്. പ്രശസ്തനായ വിദ്യാഭ്യാസ വിചക്ഷണനായിരുന്നു റാഫേലച്ചൻ. എറിയാട് ഇടവകയിൽ അദ്ദേഹം ആദ്യമായി വിദ്യാഭ്യാസ ട്രസ്റ്റ് രൂപീകരിച്ചു. കോട്ടപ്പുറം രൂപത വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ എക്സൽ - ഇൻ പരിപാടി റാഫേലച്ചന്റെ ആശയത്തിൽ നിന്ന് സ്വീകരിച്ചതാണ്. ബഹു റാഫേലച്ചന്റെ സ്തുത്യർഹമായ പ്രവർത്തനങ്ങൾക്ക് അലങ്കാരമായി 2006 ഏപ്രിൽ 11-ന് ബെനഡിക്ട് 16-ാമൻ പാപ്പ മോൺസിഞ്ഞോർ പദവി നൽകി അദ്ദേഹത്തിനെ ആദരിച്ചു.



കോട്ടപ്പുറം രൂപതയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷൻ മാനേജർ ആയി നിയമിക്കപ്പെട്ട റാഫേലച്ചൻ അധികനാൾ ആ തസ്തികയിൽ തുടരുവാൻ ആഗ്രഹിച്ചില്ല. മാനേജർ സ്ഥാനം വേണ്ടെന്നുവച്ച് കോട്ടപ്പുറം രൂപതാ മെത്രാനിൽ നിന്നും അനുവാദം വാങ്ങി ഒരു ചെറിയ ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അങ്ങനെ കൊടുങ്ങല്ലൂർ മേഖലയിലെ അന്ന് ഏകദേശം 50 ഓളം ക്രൈസ്തവ കുടുംബങ്ങളുള്ള 'എറിയാട്' ഇടവക റാഫേലച്ചൻ തെരഞ്ഞെടുത്തു. എറിയാട് എന്ന പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും ദിവസക്കൂലിക്ക് പണിക്കു പോകുന്നവരായിരുന്നു. പള്ളിക്കു ചുറ്റും മുസ്ലീം-ഹൈന്ദവ കുടുംബങ്ങൾ ആയിരുന്നു. ബഹു. റാഫേലച്ചൻ കുട്ടികൾക്ക് ഇംഗ്ലീഷ് വിഷയത്തിന് ട്യൂഷൻ ആരംഭിച്ചു. ക്രൈസ്തവരെന്നോ, ഹിന്ദുവെന്നോ, മുസ്ലീമെന്നോ ഉള്ള വേർതിരിവ് അദ്ദേഹം കാണിച്ചില്ല. ഗണിത ശാസ്ത്രത്തിൽ അതീവ പാണ്ഡിത്യമുണ്ടായിരുന്നതുകൊണ്ട് ഗണിത ശാസ്ത്രവും കുട്ടികൾക്ക് പറഞ്ഞ്, മനസ്സിലാക്കി കൊടുത്തു. ഒരു വർഷം കഴിഞ്ഞപ്പോൾ എറിയാടിലെ നാട്ടുകാർക്ക് മനസ്സിലായി റാഫേലച്ചൻ കുട്ടികൾക്ക് ട്യൂഷൻ കൊടുത്തതിന്റെ ഗുണം. ഇംഗ്ലീഷിലും, കണക്കിലും നല്ല മാർക്ക് കുട്ടികൾക്ക് ലഭിക്കുന്നതു കണ്ടപ്പോൾ അവർ അദ്ദേഹത്തോട് മറ്റു വിഷയങ്ങളിലും കുട്ടികൾക്ക് ട്യൂഷൻ നൽകുവാൻ അഭ്യർത്ഥിച്ചു. ഓരോ കുടുംബത്തിൽ നിന്നും മാസത്തിൽ ഒരു ചെറിയ തുക പിരിച്ചെടുത്തു കൂടുതൽ വിദ്യാസമ്പന്നരായ ചെറുപ്പക്കാരെ വിദ്യാർത്ഥികൾക്കുവേണ്ടി ട്യൂഷൻ എടുക്കുവാൻ അച്ചൻ ഏർപ്പാട് ചെയ്തു. വിദ്യാർത്ഥികളുടെ പഠനം അപ്പോഴും സൗജന്യമായിരുന്നു. മക്കളെല്ലാം നല്ല മാർക്കോടെ വിജയിക്കുന്നതു കണ്ടപ്പോൾ കൂടുതൽ ആളുകൾ സഹകരണവുമായി വന്നു. റാഫേലച്ചൻ ഒരു ഫണ്ട് രൂപീകരിച്ചു, അത് ഇടവകയുടെ പേരിൽ നിക്ഷേപിച്ചു. അതിൽ നിന്നും ട്യൂഷൻ ക്ലാസ്സ് എടുക്കുന്ന അദ്ധ്യാപകർക്ക് സാമ്പത്തിക സഹായം നൽകുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ വീക്ഷണം ഇങ്ങനെയായിരുന്നു, "വിദ്യാഭ്യാസം നൽകി നല്ലൊരു സമൂഹത്തെ ശക്തിപ്പെടുത്തി



എല്ലാ സമയങ്ങളിലും ജപമാല ചൊല്ലുന്ന കുടുംബം എത്ര മനോഹരമായ കുടുംബമാണ്
- വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പ

വാർത്തെടുക്കുക." അങ്ങിനെയിരിക്കുമ്പോൾ അദ്ദേഹം കോട്ടപ്പുറം കത്തിഡ്രൽ വികാരിയായി നിയമിക്കപ്പെട്ടു. അവിടെയും അദ്ദേഹം എറിയാട് ഇടവകയിൽ ചെയ്ത കാര്യം തന്നെ തുടങ്ങിവച്ചു. ഇതിനുശേഷം ബഹു. റാഫേലച്ചന് എറിയാട് ഇടവകയിൽ വീണ്ടും സേവനം ചെയ്യുവാൻ അവസരം ലഭിച്ചു. കുറച്ചധികം നാളുകൾക്ക് ശേഷം തന്റെ ശാരീരിക അസ്വസ്ഥതകൾ മൂലം വികാരി സ്ഥാനത്തു നിന്നും സ്വയം വിരമിച്ചു വടക്കൻ പറവൂരുള്ള കോട്ടപ്പുറം രൂപതയുടെ ജൂബിലി ഹോമിൽ (പ്രായമായ വൈദീകരുടെ വിശ്രമ കേന്ദ്രം) താമസമാക്കി. അവിടെയും അദ്ദേഹം ട്യൂഷൻ തുടങ്ങി. അവിടെ ഇംഗ്ലീഷ് പഠിക്കുവാൻ വന്നവർ കൊച്ചുകുട്ടികൾ, കൂലിപ്പണിക്കാർ, എഞ്ചിനീയർമാർ, ഡോക്ടേഴ്സ്, അദ്ധ്യാപകർ എന്നു തുടങ്ങി ഇംഗ്ലീഷ് സംസാരിക്കണമെന്നാഗ്രഹിച്ചവരെല്ലാം അവിടെ വന്ന് ഇംഗ്ലീഷിൽ സംസാരിക്കുവാൻ പഠിച്ചു.

പറവൂർ ജൂബിലി ഹോമിലെ റാഫേലച്ചന്റെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സിൽ ഒരു ബാച്ചിൽ ആകെ 10 മുതൽ 12 വരെയുള്ള അംഗങ്ങളെ മാത്രമേ പങ്കെടുപ്പിച്ചിരുന്നുള്ളൂ. അതും പ്രായം അനുസരിച്ച്. അതിന് അദ്ദേഹത്തിന് ഒരു കാരണവും ഉണ്ടായിരുന്നു. കൂടുതൽ പ്രായമുള്ളവർ പ്രായം കുറഞ്ഞവരുടെ കൂടെയിരുന്നാൽ ഒരുതരം ചമ്മൽ ഉണ്ടാകും. അതില്ലാതെ വേണം പഠിക്കാൻ. മറ്റൊന്ന്, അദ്ദേഹത്തിന്റെ സേവനം തികച്ചും സൗജന്യമായിരുന്നു എന്നതാണ്. ആരിൽ നിന്നും ഫീസോ, പാരിതോഷികങ്ങളോ, അദ്ദേഹം സ്വീകരിച്ചിരുന്നില്ല. "എനിക്ക് ആകെ ആവശ്യം മൂന്നു നേരത്തെ ഭക്ഷണമാണ്, അതിവിടെ നിന്നും ലഭിക്കുന്നു. മാത്രമല്ല കോളേജിൽ പഠിപ്പിച്ചിരുന്നതിനാൽ പെൻഷൻ കിട്ടുന്നു. അതുകൊണ്ട് നിങ്ങൾ എനിക്ക് ഒന്നും തരേണ്ട ആവശ്യമില്ല" ഇതായിരുന്നു അച്ചന്റെ മനോഭാവം. പണക്കാരനെന്നോ പാവപ്പെട്ടവൻ എന്നോ ഉള്ള വേർതിരിവ് അദ്ദേഹം ഒരു കുട്ടിയിലും കാണിച്ചിരുന്നില്ല. അതിന്റെ ഗുണം അറിഞ്ഞ 85% പേരും ഇന്ന് വ്യത്യസ്ത ജീവിതമേഖലകളിൽ വിജയം കൊയ്യുന്നു. പ്രസിദ്ധി ആഗ്രഹിക്കാത്ത റാഫേലച്ചൻ വിദ്യാർത്ഥികളിൽ കൂടി പ്രസിദ്ധനായിത്തീർന്നു. പ്രകൃതി സ്നേഹിയായിരുന്ന റാഫേലച്ചന് കളമശ്ശേരിയിലും, ജൂബിലി ഹോമിലും പനിനീർ ചെടികളുടെ വലിയ ശേഖരം തന്നെ ഉണ്ടായിരുന്നു.

പറവൂർ ജൂബിലി ഹോമിൽ വിശ്രമ ജീവിതത്തിലായിരുന്ന റാഫേലച്ചൻ ദിവ്യബലിക്കു മുമ്പായി തിരുവൾത്താര സജ്ജീകരിക്കുമ്പോൾ പെട്ടെന്ന് തലയിടിച്ച് പിന്നിലോട്ട് വീണു. ഒരാഴ്ചക്കാലം എറണാകുളം ലൂർദ്ദ് ആശുപത്രിയിൽ അതിവിദഗ്ധരായ ഡോക്ടർമാരുടെ തീവ്രപരിചരണം ലഭിച്ചെങ്കിലും 2010 മാർച്ച് 20 ന് തന്റെ എൺപതാമത്തെ വയസ്സിൽ, നാഥന്റെ നിത്യസമ്മാനത്തിനായി യാത്രയായി.

■



ജപമാല ചൊല്ലി കൊണ്ടിരിക്കുമ്പോൾ മരണം വഴിതങ്ങളിൽ നിന്നും വേർപിരിഞ്ഞ സഹോദരങ്ങൾ പ്രത്യക്ഷപ്പെടുകയും, ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കളെ സഹായിക്കുന്ന കാര്യത്തിൽ ജപമാലയും വിശുദ്ധ കുർബാനയുമല്ലാതെ മറ്റൊരു മാർഗ്ഗവും ഇല്ല - വാഴ്ത്തപ്പെട്ട അലാ നൂസ്



# സന്യസ്ഥർക്ക് ബലം നൽകുന്ന ജപമാല...



സി. ഷിജി CP

സന്യാസജീവിതം ദൈവത്തോടുള്ള സമർപ്പണത്തിന്റെ ഉന്നതമായൊരു വഴിയാണ്. കുടുംബവും ലോകാഭിലാഷങ്ങളും വിട്ടുമാറി, യേശുവിന്റെ വഴിയിൽ പൂർണ്ണമായി നടക്കാൻ ഒരാൾ തെരഞ്ഞെടുക്കുമ്പോൾ, അവൻ/അവൾ അനവധി വെല്ലുവിളികളും പരീക്ഷണങ്ങളും നേരിടേണ്ടിവരും. ഇത്തരം അവസരങ്ങളിൽ ഹൃദയത്തിൽ ശക്തിയും ആത്മാവിൽ സമാധാനവും നൽകുന്ന മഹത്തായൊരു ആയുധമാണ് ജപമാല.

ജപമാല ഒരിക്കലും വെറും പ്രാർത്ഥനയല്ല, മറിച്ച് ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ആത്മീയശക്തിയുടെ ഉറവിടമാണ്. ഓരോ മുത്തിലും "ആവേ മരിയ" എന്ന സ്വരത്തിൽ, സന്യാസിയുടെ ഹൃദയം അമ്മയുടെ കരങ്ങളിലേക്ക് അടുക്കുന്നു. ലോകം നൽകാനാകാത്ത ആശ്വാസവും കരുത്തും പരിശുദ്ധ അമ്മ വഴി ഓരോ സന്യസ്ഥനും ലഭിക്കുന്നു.

യേശുവിന്റെ ജീവിതത്തിന്റെ സന്തോഷ-ദുഃഖ-മഹത്വ-പ്രകാശ രഹസ്യങ്ങൾ ധ്യാനിക്കുമ്പോൾ, ഓരോ സന്യസ്ഥനും സ്വന്തം വഴിയിലെ കുരിശുകളും സന്തോഷങ്ങളും പുതിയൊരു വെളിച്ചത്തിൽ കാണാൻ കഴിയും. ജപമാല, അവരുടെ അനുസരണത്തിന്റെ വഴി ശക്തിപ്പെടുത്തുകയും, വിനയം ആഴപ്പെടുത്തുകയും, സ്നേഹത്തിൽ വളർത്തുകയും ചെയ്യുന്നു.

സന്യസ്ഥന് ബലം നൽകുന്ന ജപമാല അവർക്ക് സന്യാസജീവിതത്തിൽ ലോകത്തിന്റെ തിരക്കുകളും ഭംഗിയും വിട്ട്, ക്രിസ്തുവിനെ



ഞാൻ എന്റെ ഏതെല്ലാം പതിവുകൾ ഉപേക്ഷിച്ചാലും ജപമാല ഉപേക്ഷിക്കുകയില്ല. കാരണം എന്റെ പ്രവൃത്തികൾ അതിലാണ് അതിഷ്ഠിതമായിരിക്കുന്നത്

- വി. ഡോൺ ബോസ്കോ

മാത്രം പിൻതുടരുന്ന പരിശുദ്ധവും മനോഹരവുമായ ഒരു വഴിയൊരുക്കികൊടുക്കുന്നു. എന്നാൽ ഈ വഴിയിൽ ഒട്ടനവധി പരീക്ഷണങ്ങളും ഏകാന്തതകളും നേരിടേണ്ടി വരും. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ, ജപമാലയാണ് സന്യാസികൾക്ക് ആത്മീയ ബലത്തിന്റെ ഉറവിടമായി മാറുന്നത്.

ദിവസേനയുള്ള ഉത്തരവാദിത്വങ്ങൾ, ജീവിതത്തിലെ വെല്ലുവിളികൾ, സമൂഹത്തിന്റെ ആവശ്യങ്ങൾ എന്നിവ ഒരുവനെ മാനസികമായി ക്ഷീണിപ്പിക്കാം. എന്നാൽ ജപമാലയുടെ പ്രാർത്ഥനയിൽ, ദൈവത്തിന്റെ അമ്മയായ മാതാവിന്റെ കരുതലിനെ ഓരോ സന്യസ്ഥനും കൂടുതലായി അനുഭവിക്കുന്നു.

ജപമാല വഴിയാണ് ക്രിസ്തുവിന്റെ ജീവിതഘട്ടങ്ങൾ സന്യസ്ഥന്റെ മുന്നിൽ തുറന്നു കിടക്കുന്നത്. സന്തോഷരഹസ്യങ്ങൾ, ദുഃഖരഹസ്യങ്ങൾ, മഹത്വങ്ങളുടെ രഹസ്യങ്ങൾ, പ്രകാശത്തിന്റെ രഹസ്യങ്ങൾ എല്ലാം കൂടി ഓരോ സന്യസ്ഥനെയും യേശുവിന്റെ മധുര ഹൃദയത്തിലേക്ക് ചേർത്ത് വെക്കുന്നു. ഒരു സന്യസ്ഥന്, ജപമാല “ധ്യാനത്തിന്റെ വിദ്യാലയം” ആകുന്നു. ഓരോ മുത്തും, ജീവിതത്തിലെ ശ്വാസവുമായി ബന്ധിപ്പിക്കപ്പെടുന്നു. അതുവഴി, ദൈവത്തിന്റെ പദ്ധതിയോട് അടിയറവ് പറയാനും തന്റെ ജീവിതം സമർപ്പിക്കാനും ആ സന്യാസ വിളി സ്വീകരിക്കുന്നവൻ പഠിക്കുന്നു.

പരീക്ഷണങ്ങളിലെ പോരാട്ടങ്ങളിൽ, ജപമാലയാണ് ആത്മീയ ആയുധം. ഒരു സന്യസ്ഥനും ഏകാന്തതയിൽ വീണു പോകുന്നില്ല, മറിച്ച് മാതാവിന്റെ കണ്ണുനീർ പിടിച്ചുനില്ക്കുന്ന കരങ്ങൾ അവരെ കരുത്തരാക്കുന്നു. ജപമാലയിലൂടെ, ക്രിസ്തുവിന്റെ കുരിശിന്റെ ഭാരം സന്യാസിയുടെ ജീവിതത്തിലേക്കും കടന്നു വരുന്നു. എന്നാൽ അതു മാത്രമല്ല, പുനരുത്ഥാനത്തിന്റെ പ്രത്യാശയും അവന്റെ/അവളുടെ മനസ്സ് നിറക്കുന്നു. ദിവസവും സമൂഹത്തോടെ ചേർന്ന് ജപിക്കുന്ന ജപമാല, സന്യസ്ഥരെ ഏകമനസോടെ സഹോദരങ്ങൾക്കൊപ്പം ബന്ധിപ്പിക്കുന്നു. അത് സമൂഹജീവിതത്തെ സുന്ദരമാക്കുന്ന ഏകീകരണത്തിന്റെ ശക്തിയാണ്.

അതുപോലെ, ധ്യാനപൂർവം ഏകാന്തമായി ജപിക്കുന്ന ജപമാല, അവരെ ദൈവത്തിന്റെ മുന്നിൽ പൂർണമായും സമർപ്പിക്കുന്നു. ഇവിടെ, ദൈവത്തോട് ഉള്ള ബന്ധം വ്യക്തിപരമായും ആഴമായും വളരുന്നു.ജപമാല സ്നേഹത്തിന്റെ ഒരു പ്രവൃത്തിയാണ്. ഓരോ “മുത്തും” തന്റെ സഹോദരങ്ങൾക്കും, ലോകത്തിനും, സമാധാനത്തിനും വേണ്ടി സമർപ്പിക്കുന്നു. ഹൃദയം ലോകത്തിന്റെ വേദനകളെ വഹിക്കുകയും അവയെ മാതാവിന്റെ കൈകളിൽ ഏല്പിക്കുകയും ചെയ്യുന്നു.സന്യാസജീവിതത്തിൽ ചിലപ്പോൾ ഇരുളും നിരാശയും നിറഞ്ഞ നിമിഷങ്ങൾ വരാം. അത്തരം സമയങ്ങളിൽ, ജപമാലയാണ് അവരുടെ കൈകളിൽ തെളിഞ്ഞു നില്ക്കുന്ന പ്രത്യാശയുടെ വിളക്കാകുന്നത്.

ജപമാല, സന്യസ്ഥന്റെ ഹൃദയത്തെ ദിനം പ്രതി രൂപപ്പെടുത്തുന്നു. ജീവിതം ദൈവത്തിന്റെ മഹത്വത്തെ പ്രതിഫലിപ്പിക്കുന്ന ഒരു വിളക്കായി മാറുന്നു. ആത്മീയ വളർച്ചയുടെ വഴിയിൽ, ജപമാല വിനയത്തിലും അനുസരണയിലും ശക്തിപ്പെടുത്തുന്നു. അത് അവർക്ക് ഉൾവെളിച്ചം നൽകുന്നു: ദൈവത്തിന്റെ കൃപയിലൂടെയാണ് എല്ലാം സാധ്യമാകുന്നത്.

ജപമാല പ്രാർത്ഥന മാത്രമല്ല, അത് സന്യാസജീവിതത്തിന്റെ ശ്വാസം തന്നെയാണ്. അതില്ലാതെ സന്യസ്ഥന്റെ ആത്മീയ യാത്ര അപൂർണ്ണമാണ്. അതുകൊണ്ട്, സന്യസ്ഥനും തന്റെ ജീവിതത്തിന്റെ ഓരോ ദിവസവും ജപമാലയുടെ കരുത്തിൽ ജീവിക്കുന്നു. മാതാവിന്റെ കൈപിടിച്ച്, അവർ ക്രിസ്തുവിന്റെ വഴിയിൽ സ്ഥിരമായി നടക്കുന്നു. ജപമാല അവരെ നിലനിർത്തുകയും, അവരുടെ ജീവിതം ദൈവത്തിന്റെ മഹത്വത്തിന്റെ സാക്ഷ്യം ആക്കുകയും ചെയ്യുന്നു. ■

*വർഷങ്ങളോളം ശുദ്ധീകരണസ്ഥലത്തു കഴിയേണ്ടിവന്ന നിരവധി ആത്മാക്കൾ ജപമാല വഴി മോചിക്കപ്പെട്ടിട്ടുണ്ട്.*

- വി. അൽഫോൻസ് ലിഗോരി





# അഞ്ചാം പ്രമാണം:- ജീവന്റെ മഹത്വം



ഫാ. സിജോ വേലിക്കകത്തോട്ട്
വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ

മനുഷ്യജീവൻ പാവനമാണ്. ദൈവം മാത്രമാണ് ജീവന്റെ ആരംഭം മുതൽ അവസാനം വരെ അതിന്റെ ഉടയവൻ: അതിനാൽ തന്നെ മനുഷ്യജീവനെ നശിപ്പിക്കാൻ ആർക്കും അവകാശമില്ല. പുറപ്പാട് 20:13 ൽ ദൈവം പറയുന്നു "നീ കൊല്ലരുത്". മത്തായി 5:21 ൽ നാം വായിക്കുന്നു "കൊല്ലരുത്; കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്ന് പൂർവികരോട് പറയപ്പെട്ടിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ." വിശുദ്ധഗ്രന്ഥം അഞ്ചാം കല്പനയെ കുറച്ചു കൂടെ വ്യക്തമാക്കുന്നുണ്ട്. നിരപരാധിയെയും നീതിമാനെയും വധിക്കരുത് (പുറപ്പാട് 23:7). നിരപരാധിയായ ഒരു വ്യക്തിയെ മനപ്പൂർവ്വം വധിക്കുന്നത് മനുഷ്യന്റെ മഹാത്മ്യത്തിനും സുവർണ്ണ നിയമത്തിനും സൃഷ്ടാവിന്റെ പരിശുദ്ധിക്കും കടകവിരുദ്ധമാണ് (CCC 2261). നീ കൊല്ലരുത് എന്ന കൽപ്പന കർത്താവ് മലയിലെ പ്രസംഗത്തിൽ ആവർത്തിക്കുകയും അതോടു കൂടി കോപം, വിദ്വേഷം, പ്രതികാരം എന്നിവയ്ക്ക് വിലക്ക് കൽപ്പിക്കുകയും ചെയ്യുന്നു. എന്നാൽ മറ്റുള്ളവരുടെ ജീവൻ സംരക്ഷിക്കുവാൻ ഉത്തരവാദിത്വമുള്ളവരുടെ നിയമാനുസൃതമായ പ്രതിരോധം ഒരു അവകാശം മാത്രമല്ല ഗൗരവപൂർണ്ണമായ ഒരു കടമയുമാകാം. പൊതുനന്മയെ സംരക്ഷിക്കുന്നതിന് അന്യായ അക്രമിയെ നിർവീര്യനാക്കേണ്ടത് ആവശ്യമാണ്. ഇത്തരം സാഹചര്യത്തിൽ ന്യായമായ അധികാരമുള്ളവർക്ക് തങ്ങളുടെ ഉത്തരവാദിത്വത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന സമൂഹത്തെ ആക്രമിക്കുന്നവരെ ആയുധങ്ങൾ ഉപയോഗിച്ച് തുരത്താൻ അവകാശമുണ്ട് (CCC 2265). എന്നാൽ നേരിട്ടുള്ളതും മനപ്പൂർവമായ കൊലപാതകത്തെ അഞ്ചാം പ്രമാണം ഹീനവും ഗൗരവകരവുമായ പാപമായി കണ്ടു വിലക്കുന്നു. അതോടൊപ്പം പരോക്ഷമായിട്ട് ഒരു വ്യക്തിയുടെ മരണം ഉളവാക്കുക എന്ന് ഉദ്ദേശത്തോടെ എന്തെങ്കിലും ചെയ്യുന്നതിന് അഞ്ചാം പ്രമാണം നിരോധിക്കുന്നു.

## ഗർഭഛിദ്രം

ഗർഭഛിദ്രം എന്ന തിന്മയെ വലിയ പാപമായി സഭ കണക്കാക്കുന്നു. മനുഷ്യജീവൻ ഗർഭധാരണത്തിന്റെ നിമിഷം മുതൽ ആദരിക്കപ്പെടുകയും നിരുപാധികമായി സംരക്ഷിക്കപ്പെടുകയും വേണം. മനഃപൂർവ്വം നടത്തുന്ന ഗർഭഛിദ്രം ധാർമിക തിന്മയാണെന്ന് സഭ ആദ്യ നൂറ്റാണ്ട് മുതൽ ഉറപ്പിച്ച് പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതുപോലെതന്നെ ഗർഭഛിദ്രത്തിന് മനഃപൂർവം സഹായിക്കുന്നത് ഗൗരവപൂർണ്ണമായ കുറ്റമാണ്. ഗർഭധാരണം മുതൽ ഒരു വ്യക്തിയായി പരിഗണിക്കപ്പെ



പരിശുദ്ധ ജപമാല ശക്തമായ ആയുധമാകുന്നു. ആത്മവിശ്വാസത്തോടെ അതുപയോഗിക്കുക. നിങ്ങൾ അതിന്റെ ഫലങ്ങളാൽ അതിശയിക്കപ്പെടും.
- വി. ജോസ് മരിയ എസ്ക്രീവാ




ടേണ്ടതിനാൽ ഭ്രൂണം മറ്റേതൊരു മനുഷ്യനെ പോലെയും അതിന്റെ സമഗ്രതയിൽ സംരക്ഷിക്കപ്പെടുകയും പരിചരിക്കപ്പെടുകയും വേണം (CCC 2274).

**ദയാവധം**

അതുപോലെതന്നെ ഗൗരവമായ ഒരു തിന്മയാണ് ദയാവധം. ജീവിതത്തിൽ ബലക്ഷയവും രോഗങ്ങളും ഉള്ളവർ പ്രത്യേക ബഹുമാനം അർഹിക്കുന്നു. കഴിയുന്നിടത്തോളം സാധാരണ ജീവിതം നയിക്കുവാൻ രോഗികളെയും വൈകല്യമുള്ളവരെയും സഹായിക്കേണ്ടതാണ്. ലക്ഷ്യങ്ങളും മാർഗങ്ങളും എന്തായാലും വൈകല്യമുള്ളവരുടെയും രോഗികളുടെയും അല്ലെങ്കിൽ മരണാസന്നരുടെയും ജീവിതം അവസാനിപ്പിക്കുന്നതാണ് പ്രത്യക്ഷമായ ദയാവധം അത് ധാർമികമായി സ്വീകാര്യമല്ല (CCC 2276-77).

**ആത്മഹത്യ**

ദൈവമാണ് ജീവന്റെ പരമാധികാരി. അവിടുത്തെ മഹത്വത്തിനും നമ്മുടെ ആത്മാവിന്റെ രക്ഷിക്കുമായി ജീവനെ നന്ദിയോടെ സ്വീകരിച്ച സംരക്ഷിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ജീവന്റെ സൂക്ഷിപ്പുകാരാണ് നാം, ഉടമസ്ഥരല്ല. അത് കൈവിടാൻ പാടില്ല. തന്റെ ജീവൻ സംരക്ഷിക്കുന്നതിനും തുടരുന്നതിനുമായുള്ള മനുഷ്യന്റെ സ്വാഭാവിക പ്രവണതയ്ക്കെതിരാണ് ആത്മഹത്യ. ന്യായമായ സ്വയം സ്നേഹത്തിന് തികച്ചും വിരുദ്ധമാണത്. അതുപോലെതന്നെ അയൽക്കാരോടുള്ള സ്നേഹത്തെയും അതുവ്രണപ്പെടുത്തുന്നു. കാരണം നമുക്ക് തുടർന്നും കടപ്പാടുള്ള കുടുംബം, രാഷ്ട്രം എന്നിവയോടുള്ള ഐക്യത്തിന്റെ ബന്ധങ്ങളെ അത് അന്യായമായി വിച്ഛേദിക്കുന്നു. ജീവിക്കുന്ന ദൈവത്തോടുള്ള സ്നേഹത്തിനും എതിരാണ് ആത്മഹത്യ (CCC 2281).

കൊല്ലരുത് എന്ന കൽപ്പന അനുസ്മരിപ്പിച്ചുകൊണ്ട് നമ്മുടെ കർത്താവ് ഹൃദയസമാധാനത്തിന് ആഹ്വാനം ചെയ്യുകയും മാരകമായ കോപവും വിദ്വേഷവും അധാർമികമെന്ന് വ്യക്തമാക്കുകയും ചെയ്തു. അയൽക്കാരനെ കൊല്ലണമെന്നോ, സാരമായി മുറിപ്പെടുത്തണമെന്നോ ഉള്ള മനഃപൂർവമായ ആഗ്രഹത്തിൽ എത്തുന്ന കോപം ഉപവിയുടെ ഗൗരവമുള്ള ലംഘനമാണ്. അത് മാരകപാപവുമാണ്. മനഃപൂർവമുള്ള വിദ്വേഷം സ്നേഹത്തിനെതിരാണ് മനപ്പൂർവം അയൽക്കാരന് തിന്മ കാംക്ഷിക്കുമ്പോൾ വിദ്വേഷം പാപമായിത്തീരുന്നു (CCC 2303) ചുരുക്കത്തിൽ കൊല്ലരുത് എന്ന അഞ്ചാം പ്രമാണം മനുഷ്യജീവന്റെ മഹത്വവും പ്രാധാന്യവും നമുക്ക് വെളിപ്പെടുത്തി നൽകുന്നു. ഈ പ്രമാണം പാലിച്ച് ജീവിക്കുവാൻ ജീവന്റെ ഉടയവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ■

ഉണ്ണിക്കവിത


# തൊടിയിലെ കൃഷി



ലിയോൺ ലിന്റോ,
ചാലക്കുടി, Std VII

കാടുവെട്ടീ...മരം വെട്ടീ...
പുല്ലു ചെത്തീ...കളം മറിച്ചൂ...
വിത്തു പാകി...കുഴിച്ചു മൂടി...
വെള്ളമൊഴിച്ചൂ...നട്ടു വളർന്നൂ...

വളമിട്ടു...വെള്ളമൊഴിച്ചു...
പന്തലുകെട്ടീ...വളർന്നുപോന്നൂ...
തളിർത്ത ഇലയിൽ നിന്ന് മൊട്ടിട്ടു...
പിന്നീടതു പൂവായ്...കായയായ്...പറിച്ചു തിന്നു...





**കത്തോലിക്കാ സഭയെ**
**അറിയാം... പഠിക്കാം...**



# സുവിശേഷകന്മാരും അവരുടെ പ്രതീകങ്ങളും



**അനി ജോസഫ്, കൂട്ടുകാട്**

നമ്മുടെ പള്ളികളിലെ വചനവേദിയിൽ സാധാരണയായി കാണപ്പെടുന്ന അടയാളങ്ങളാണ് ചിറകുള്ള മനുഷ്യൻ, ചിറകുള്ള സിംഹം, ചിറകുള്ള കാള, കഴുകൻ എന്നിവ. ഈ അടയാളങ്ങൾ എന്താണ് അർത്ഥമാക്കുന്നത്. എസെക്കിയേൽ പ്രവാചകന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. “നാലു ജീവികളുടെ രൂപങ്ങൾ അതിന്റെ മധ്യത്തിൽ പ്രത്യക്ഷപ്പെട്ടു. അവയ്ക്ക് മനുഷ്യരുടെ ആകൃതിയായിരുന്നു. എന്നാൽ ഓരോന്നിനും നാല് മുഖങ്ങളും ചിറകുകളും ഉണ്ടായിരുന്നു” (എസെക്കിയേൽ 1:5–6).

ഈ നാലു പ്രതീകങ്ങളും നാല് സുവിശേഷകൻമാരെയാണ് സൂചിപ്പിക്കുന്നത്. സഭാ പിതാവായ വിശുദ്ധ ജെറോം ആണ് സുവിശേഷകന്മാർക്ക് ഇപ്രകാരം പ്രതീകങ്ങൾ നൽകിയതെന്ന് പറയപ്പെടുന്നു. ആദ്യത്തെ ചിഹ്നമായ ചിറകുള്ള മനുഷ്യൻ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന്റെ അടയാളമാണ്. വിശുദ്ധ മത്തായി തന്റെ സുവിശേഷം ആരംഭിക്കുന്നത് ഈശോയുടെ മനുഷ്യത്വത്തെകുറിച്ച് പറഞ്ഞുകൊണ്ടാണ്. “അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം” (മത്തായി 1:1). ഈ സുവിശേഷം യേശുവിന്റെ പൂർണ്ണ മനുഷ്യത്വത്തെക്കുറിച്ച് വിവരിക്കുന്നു. അതുകൊണ്ട് ഈ സുവിശേഷകന്റെ പ്രതീകമായി ചിറകുള്ള മനുഷ്യനെ അവതരിപ്പിക്കുന്നു.

രണ്ടാമത്തെ പ്രതീകമായ ചിറകുള്ള സിംഹം വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിന്റെ അടയാളമാണ്. മർക്കോസ് സുവിശേഷകൻ യേശുവിന്റെ ദൈവത്വത്തെയാണ് സുവിശേഷത്തിൽ ഉടനീളം പ്രതിപാദിക്കുന്നത്. “ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷം” (മർക്കോസ് 1:1). സിംഹം മൃഗരാജാവാണ്. ആയതിനാൽ ക്രിസ്തുവിന്റെ രാജകീയതയുടെ ഒരു അടയാളം കൂടിയാണത്. അതുകൊണ്ടാണ് മർക്കോസ് സുവിശേഷകന്റെ പ്രതീകമായി ചിറകുള്ള സിംഹത്തെ അടയാളപ്പെടുത്തുന്നത്.

മൂന്നാമത്തെ പ്രതീകമായ ചിറകുവച്ച കാള വിശുദ്ധ ലൂക്കാ സുവിശേഷകന്റെ അടയാളമാണ്. കാള ശുശ്രൂഷയെ സൂചിപ്പിക്കുന്നു. മറ്റുള്ളവരുടെ ചുമടെടുക്കാനും, അവരെ സേവി

ക്കുവാനും, കൃഷിസ്ഥലം ഉഴുതുമറിക്കുവാനും കാളയെ ഉപയോഗിക്കുന്നു. അങ്ങനെ ജീവിതം മുഴുവൻ സമർപ്പണം ചെയ്തും സേവനം ചെയ്തും കാള ബലിയായി മാറുകയാണ്. പഴയ നിയമത്തിൽ ബലിയർപ്പണത്തിന് ഉപയോഗിക്കുന്ന പ്രധാന ബലിമൃഗം ആയിരുന്നു കാള. പൗരോഹിത്യ ശുശ്രൂഷയുടെ കൂടി അടയാളമാണ് കാള. അപരന് ശുശ്രൂഷ ചെയ്ത് ബലിയായി മാറുന്ന പൗരോഹിത്യത്തെ ഈ സുവിശേഷത്തിൽ സൂചിപ്പിക്കുന്നു. ബലിയർപ്പണത്തിന് പ്രാധാന്യം നൽകുന്ന സുവിശേഷമായതിനാലാണ് സേവനത്തിന്റെയും ശുശ്രൂഷയും അടയാളമായ കാളയെ ഈ സുവിശേഷകന്റെ പ്രതീകമായി നൽകിയിരിക്കുന്നത്.

നാലാമത്തെ പ്രതീകമായ കഴുകൻ വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തെ സൂചിപ്പിക്കുന്നു. മറ്റു മൂന്നു പ്രതീകങ്ങളിൽ നിന്നും വ്യത്യസ്തമാണ് കഴുകൻ. ആദ്യത്തെ മൂന്നു പ്രതീകങ്ങളും കാലുകൾ ഉള്ളവരാണ്. അവർ ഭൂമിയിലാണ് നിലയുറപ്പിക്കുന്നത്. എന്നാൽ കഴുകൻ ഉയരങ്ങളിൽ പറക്കുന്നു. ഉയരത്തിൽ നിന്നുകൊണ്ട് താഴെയുള്ള കാര്യങ്ങൾ ഗ്രഹിക്കുന്നു. ഉന്നതത്തിൽ നിന്ന് ദൈവീക രഹസ്യങ്ങൾ മനസ്സിലാക്കുന്നു. അതിനാൽ യോഹന്നാന്റെ സുവിശേഷം ഉയർപ്പിന്റെയും വെളിപാടുകളുടെയും അടയാളങ്ങളുടെയും സുവിശേഷമാണ്. സുവിശേഷത്തിന്റെ ഏറ്റവും ആഴത്തിലുള്ള പഠിപ്പിക്കലുകൾ ഈ സുവിശേഷത്തിലാണ്.

“സിംഹാസനത്തിന്റെ മധ്യത്തിലും ചുറ്റിലുമായി നാല് ജീവികൾ. അവയ്ക്ക് മുമ്പിലും പിമ്പിലും നിറയെ കണ്ണുകൾ. ഒന്നാമത്തെ ജീവി സിംഹത്തെപ്പോലെ, രണ്ടാമത്തേത കാളയെപ്പോലെ, മൂന്നാമത്തേതിന് മനുഷ്യന്റേതുപോലുള്ള മുഖം, നാലാമത്തേത് കഴുകനെപ്പോലെ” (വെളിപാട് 4:6-7). ■



## Baptism Wishes...

കൂട്ടുകാട് ലിറ്റിൽ ഫ്ളവർ എടവകയിലെ ഡേവിസ് മേച്ചേരിയുടെയും സ്റ്റെല്ല ഡേവിസിന്റെയും ഇളയ മകനായ ബിപിൻ ഡേവിസ് മേച്ചേരിയുടെയും അന്ന സാൽവ ആന്റണിയുടെയും മൂന്നാമത്തെ മകളായ

**ഏർലിൻ ത്രേസ്യ ബിപിന്റെ**

മാമോദിസ കർമ്മം കോട്ടപ്പുറം രൂപത പിതാവ് 17.09.2025 തിയതിയിൽ സെന്റ് മൈക്കിൾസ് കത്രീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തി.



# അയൽക്കൂട്ടം

ലൂക്കാ 1 : 46 – 55

# മാഗ്നിഫിക്കറ്റ്
## MAGNIFICAT



ഫാ. ലിജോ ജോർജ്ജ്

പരിശുദ്ധ കന്യകാമാതാവിന്റെ ജീവിതത്തെ ആസ്പദമാക്കി 2024 ഡിസംബർ 6-ന് നെറ്റ്ഫ്ലിക്സിൽ പ്രദർശണം ആരംഭിച്ച ഒരു സിനിമയാണ് 'Mary: Mother of Jesus". വ്യത്യസ്തമായ പ്രമേയത്തിലൂടെയും ക്രിയാത്മകമായ ഛായാഗ്രഹണ വൈദഗ്ധ്യത്തിലൂടെയും ലോകപ്രേക്ഷകശ്രദ്ധ ഏറെ എളുപ്പതിൽ നേടിയ ഈ സിനിമയുടെ സംവിധായകൻ അമേരിക്കയിലെ കണക്റ്റിക്കട്ട് സംസ്ഥാനത്തെ നോർവാക്ക് സ്വദേശിയും കത്തോലിക്കാ വിശ്വാസിയുമായ ഡി.ജെ കരൂസോയാണ്. ഒരു അഭിമുഖത്തിനിടെ മറിയത്തേക്കുറിച്ച് ഇങ്ങനെയൊരു സിനിമയെടുക്കുവാൻ തീരുമാനിച്ചതിന്റെ പിന്നിലെ കാരണമെന്തെന്ന ചോദ്യത്തിന് മറിയത്തിന്റെ മാനുഷിക വശം ചിത്രീകരിക്കാനും, ഒരു യുവതി എന്ന നിലയിൽ അവളുടെ പോരാട്ടങ്ങൾ, ധൈര്യം, ത്യാഗം എന്നിവ ഉയർത്തിക്കാട്ടാനും, യുവ പ്രേക്ഷകരെ മറിയത്തോട് കൂടുതൽ അടുപ്പിക്കുവാനുമായിരുന്നു തന്റെ ശ്രമം എന്നും, അവളുടെ ദൈവഹിതത്തോടുള്ള വിധേയത്വം (Fiat) ആവോളം വിലമതിക്കപ്പെടുന്നില്ലെന്നും, നിലവിലെ കുഴപ്പങ്ങൾ നിറഞ്ഞ ലോകത്തിന് അവളുടെ ജീവിതം ശക്തമായ ഒരു സന്ദേശവും മാതൃകയുമാണെന്നും കരൂസോ അഭിപ്രായപ്പെട്ടു. തിരുപ്പിറവിയുടെ സംഭവം എല്ലാവർക്കും അറിവുള്ളതാണെങ്കിലും ഈ സംഭവക്കഥ “മറിയത്തിന്റെ കാഴ്ചപ്പാടിൽ” നിന്ന് നോക്കിയാലോ എന്ന ആശയത്തിൽ നിന്നുമാണ് ഈ സിനിമ രൂപപ്പെട്ടതെന്നും അദ്ദേഹം പങ്കുവെയ്ക്കുകയുണ്ടായി.

“മറിയത്തിന്റെ കാഴ്ചപ്പാടിലൂടെ” അവളുടെ മാനുഷികവും ആധ്യാത്മികവുമായ വശം എത്രത്തോളം വസ്തുനിഷ്ഠതയോടെ ഈ സിനിമ വെളിപ്പെടുത്തി എന്നുള്ളത് വലിയൊരു ചോദ്യചിഹ്നം തന്നെയാണ്. ഒരു സിനിമ നിർമ്മാതാവിന്റെ ക്രിയാത്മകമായ സൃഷ്ടിഭാവനേയക്കാളുപരി, ബൈബിളിൽ തന്നെ ദൈവീക ഇടപെടലുകളോടുള്ള പ്രത്യുത്തരിക്കുന്ന മറിയത്തിന്റെ തുറവി ആരായുവാനും ഗ്രഹിക്കുവാനും അവളുടെ മാതൃകാപരമായ സ്വത്വം മനസ്സിലാക്കുവാനും നമുക്കായി ലൂക്കാ സുവിശേഷകൻ വച്ചുനീട്ടുന്ന ഒരു താക്കോലാണ് Magnificat (മറിയത്തിന്റെ സ്തോത്രഗീതം, ലൂക്കാ 1: 46–55). ഈ മഹത്തരമായ പുണ്യഗീതത്തിൽ നിന്നും ഉരുത്തിരിയുന്ന ചില ചിന്തകൾ നമ്മുടെ വിശ്വാസജീവിതത്തിനും വ്യക്തിജീവിതത്തിനും ഉതകുന്ന വിചിന്തനങ്ങളായി ചുവടെച്ചേർക്കുന്നു.

### മഹത്വപ്പെടുത്തുന്ന ആത്മാവും ആനന്ദിക്കുന്ന ചിത്തവുള്ള മറിയം

ദൈവീക ഇടപെടലുകളോടു പ്രത്യുത്തരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തെ നമുക്ക് കാണുവാൻ സാധിക്കുക ദൈവത്തെ മഹത്വപ്പെടുത്തുന്ന ആത്മാവും ദൈവത്തിൽ ആനന്ദിക്കുന്ന ചിത്തതോടും കൂടെയുള്ളവളായിട്ടാണ്. ഇന്നിന്റെ മനുഷ്യരിലും ഏറെപ്രത്യേകിച്ച് ഇന്നിന്റെ കുടുംബസംസ്കാരത്തിലും നാം കണ്ടുവരുന്ന ഏറ്റവും വലിയ ഒരു പ്രതിസന്ധിയാണ് ദൈവത്തിൽ ആനന്ദിക്കുവാനോ ദൈവത്തെ മഹത്വപ്പെടുത്താനോ നമുക്ക് സാധിക്കുന്നില്ല എന്നുള്ളത്. പലപ്പോഴും ആനന്ദിക്കുവാനും ഉല്ലസിക്കുവാനും വേണ്ടി ‘വലിയ’ കാരണങ്ങൾ തിരഞ്ഞ് ശരിയല്ലാത്തതും നശ്വരവും പാപഹേതുവായ പലതിനും പിന്നാലെ പരക്കം

ഈ കാലഘട്ടത്തിനു പറ്റിയ ഏറ്റവും ശക്തമായ ആയുധമാണ് ജപമാല”
– വിശുദ്ധ പാദ്രെ പിയോ

പായുന്ന നാം മറന്നുപോകുന്നു ഒരു കാര്യമുണ്ട്. അവയൊക്കെ നമുക്ക് നശ്വരമായ സന്തോഷവും സംതൃപ്തിയും നൽകിയേക്കാമെങ്കിലും, വിഷണ്ണമായ ഒരു ചിത്തം അവശേഷിപ്പിച്ചിട്ടായിരിക്കും പലപ്പോഴും അവയെല്ലാം മറയാറുള്ളത്. ഇത് ഒരു നിത്യചര്യയായി തുടർന്നുപോകുന്ന നാം അനുഭവിക്കേണ്ടതായിവരുന്ന പരിണതഫലമോ: കടുത്ത നിരാശ!

മറിയത്തിന്റെ സ്തോത്രഗീതം യഥാർത്ഥത്തിൽ ഒരു പ്രത്യാശാഗീതമാണ്. നിരാശിതരായ നമുക്ക് പ്രത്യാശയുടെ കരുത്ത് പകരുന്ന ഒരു ദിവ്യഗീതി. ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിച്ചതും പ്രവർത്തിക്കുന്നതുമായ ചെറുതും വലുതുമായ കാര്യങ്ങൾ കൃതജ്ഞതഭരിതമായ മാനസത്തോടെ നോക്കികാണുവാൻ അത് നമ്മെ ഓർമിപ്പിക്കുന്നു. "ശക്തനായവൻ എനിക്ക് വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെനാമം പരിശുദ്ധമാണ്" എന്ന് പാടിപുകഴ്ത്തുന്ന അമ്മ നമ്മെ ഏറെ വാത്സല്യത്തോടെ ഓർമിപ്പിക്കുന്നത്: നമ്മുടെ ജീവിതത്തിലൂടെ ദൈവത്തെയും അവിടുത്തെ പ്രവർത്തികളേയും Magnify ചെയ്യുവാൻ നമുക്ക് കഴിയണമെന്നാണ്. സ്തോത്രഗീതത്തിൽ 'മഹത്വപ്പെടുത്തുക' എന്നത് സൂചിപ്പിക്കാൻ ഗ്രീക്കുഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത 'മെഗലൂനൊ' എന്ന വാക്കാണ്. ഈ വാക്കിന്റെ യഥാർത്ഥ അർത്ഥമെന്നത് പെരുപ്പിച്ച് കാണിക്കുക, വലുതാക്കിക്കാണിക്കുക, മഹത്വപ്പെടുത്തുക എന്നൊക്കെയാണ്.

ജീവിതത്തിൽ നാം പലപ്പോഴും എന്തിനെയാണ് പെരുപ്പിച്ച് അല്ലെങ്കിൽ വലുതാക്കി കാണുന്നത് എന്ന നമ്മോട് തന്നെ ചോദിക്കേണ്ടിയിരിക്കുന്നു. ജീവിതത്തിന്റേതായ പ്രശ്നപ്രതിസന്ധികളിൽ അകപ്പെടുന്നമ്പോൾ വലുതാക്കി കാണുന്നതും വലുതാക്കി കാട്ടാനാഗ്രഹിക്കുന്നതും നമ്മുടെ കുറവുകളും പിഴവുകളും പോരായ്മകളും മാത്രമാണോ? പ്രശ്നപ്രദിസന്ധികളിൽ മാത്രം കണ്ണുടക്കി കഴിയുമ്പോൾ നാം നമ്മുടെ ജീവിതങ്ങളിലെ ദൈവിക ഇടപെടലുകൾ വിസ്മരിക്കുന്നു എന്നുമാത്രമല്ല കൃപയ്ക്ക് വിപരീതമായ ഒരവസ്ഥയിൽ 'നിരാശയിൽ' മുഴുകുകയും ചെയ്യുന്നു. തന്നിൽ മാത്രമായി ചുരുങ്ങിപ്പോകുന്ന ഈ അവസ്ഥയെ വിശുദ്ധ അഗസ്റ്റിനോസ് "പാപാവസ്ഥ" എന്നാണ് വിളിക്കുക (ലത്തീൻ ഭാഷയിൽ 'incurvatus in se"). ഈ പാപാവസ്ഥയെ തരണം ചെയ്യുവാനും, കൃപയിൽ നിലനിൽക്കുവാനും അമ്മ നമുക്കായി കാട്ടിത്തരുന്ന മാർഗ്ഗമാണ്: "ദൈവത്തെ മഹത്വപ്പെടുത്തുന്ന ആത്മാവും (Magnifying Soul) ദൈവത്തിൽ ആനന്ദിക്കുന്ന ചിത്തവും (Rejoicing Spirit)" രൂപപ്പെടുത്തുക എന്നുള്ളത്.

**ദൈവവചനത്തിന്റെയും പ്രത്യാശയുടെയും സ്വരമായ മറിയം**

മറിയത്തിന്റെ സ്തോത്രഗീതം വ്യാഖ്യാനിച്ചുകൊണ്ട് മിലാനിലെ വിശുദ്ധ അംബ്രോസ് ഇപ്രകാരം എഴുതുകയുണ്ടായി: "മറിയത്തിന്റെ ശബ്ദം സഭയുടെ ശബ്ദമാണ്: ദൈവവചനം വിശ്വസിക്കുകയും ഉൾകൊള്ളുകയും ചെയ്യുന്ന ഓരോ ആത്മാവും അവിടുത്തെ മഹത്വം പ്രഖ്യാപിക്കുന്നു." (Exposition of the Gospel of Luke, II, 26) ജറൂസലേം ദൈവാലയത്തിൽ ശുശ്രൂഷചെയ്യുകവഴി 'പ്രവാചകന്മാരും നിയമവും' സങ്കീർത്തനങ്ങളും തന്റെ കുഞ്ഞുപ്രായത്തിൽ തന്നെ അധികമായി കേൾക്കുകയും അറിയുകയും ചെയ്ത കന്യകാമറിയം തന്റെ ദൈവവിളിയോടും ദൈവീകപദ്ധതിയോടും പ്രത്യുതരിക്കുന്നത് ദൈവവചനം ഉദ്ധരിച്ചുകൊണ്ടുതന്നെയാണ്. ഈ സ്തോത്രഗീതത്തിൽ പഴയനിയമത്തിലെ കുറഞ്ഞത് മുപ്പത്തഞ്ചോളം സൂചനകളോ പരാമർശങ്ങളോ അടങ്ങിയിരിക്കുന്നതായി പറയപ്പെടുന്നു. അവയിൽ ഏറെയും സാമുവലിന്റെ പുസ്തകങ്ങൾ (പ്രത്യേകിച്ച് ഹന്നയുടെ കീർത്തനം), സങ്കീർത്തനങ്ങൾ, ഏശയ്യ, ഉല്പത്തി എന്നീ പുസ്തകത്തിൽ നിന്നുമുള്ളതാണ്. ദൈവത്തിന്റെ വചനം ഹൃദ്യസ്ഥമാക്കുക വഴി മറിയം വചനത്തിന്റെ കലവറയായി തീരുകയും പിന്നെ അതേ വചനം മാംസം ധരിക്കുവാനുള്ള ഒരു ആത്മീയ പാത്രമായി തന്നെത്തന്നെയും തന്റെ ഉദരത്തെയും അവൾ ഒരുക്കുകയും ചെയ്തു.



'യഥാർത്ഥ ക്രിസ്തീയ പരിപൂർണ്ണതയുടെ ഒരു വിദ്യാലയമാണ് ജപമാല പ്രാർത്ഥന"
- വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ

ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പ 2022 ആഗസ്റ്റ് പതിനഞ്ചാം തിയതി പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ദിനത്തിൽ വത്തിക്കാനിൽ നയിച്ച ത്രികാല പ്രാർത്ഥന സന്ദേശത്തിൽ മറിയത്തിന്റെ സ്തോത്രഗീതത്തെ "പ്രത്യാശയുടെ ഗീതം" എന്ന് നിർവചിക്കാം എന്ന് പറഞ്ഞു. പാപ്പ ഇപ്രാകാരം കൂട്ടിച്ചേർക്കുകയുണ്ടായി: "ശക്തിമാന്മാരെ താഴെയിറക്കി, എളിയവരെ ഉയർത്തി, വിശക്കുന്നവരെ സംതൃപ്തരാക്കി എന്നെല്ലാം പറയുമ്പോഴും അത് യാഥാർത്ഥ്യത്തിൽ അങ്ങനെയല്ലായിരുന്നു. അപ്പോഴും ഭീകരനായ ഹേറോദോസ് തന്റെ ഭരണം തുടരുകയും, ദരിദ്രർ ദരിദ്രരായി തന്നെയായിരിക്കുകയും ധനവാന്മാർ പുരോഗമിക്കുകയുമായിരുന്നു." അങ്ങനെയെങ്കിൽ എന്തായിരിക്കാം ഈ വരികളുടെ അർത്ഥം? അവ പ്രത്യാശയുടെ പ്രവചനങ്ങളായിരുന്നു! അധികാരം, വിജയം, പണം എന്നതിനെക്കാളുപരി സേവനം, വിനയം, സ്നേഹം എന്നിവയാണ് ദൈവത്തിന് പ്രീതികരമായതെന്ന് അവൾ വ്യക്തമാക്കുകയായിരുന്നു. ക്രിസ്തുവിന്റെ മൗതീകശരീരമായ തിരുസഭയിൽ നിലനിൽക്കേണ്ടതായ മൂല്യങ്ങൾ പ്രത്യാശയുടെ ഉച്ചസ്വരത്തിൽ മറിയം വിളംബരം ചെയ്യുകയായിരുന്നു.

"മറിയത്തിന്റെ പ്രത്യാശഗീതം നമ്മിൽ പ്രത്യാശയുടെ തീനാളം പുനരുദ്ദീവിപ്പിക്കുന്നു. അവളിൽ, നമ്മുടെ യാത്രയുടെ ലക്ഷ്യസ്ഥാനം നാം കാണുന്നു. തന്റെ മുഴുവൻ സ്വത്വവും, ശരീരവും, ആത്മാവും ഉപയോഗിച്ച് വിജയകരമായി സ്വർഗ്ഗത്തിന്റെ ഫിനിഷിംഗ് ലൈൻ (Finishing Line) കടക്കുന്ന ആദ്യ സൃഷ്ടിയാണ് അവൾ. സ്വർഗ്ഗം എത്തിച്ചേരാവുന്ന ദൂരത്തിലാണെന്ന് അവൾ നമുക്ക് കാണിച്ചുതരുന്നു. എങ്ങനെ എന്ന ചോദ്യത്തിന്, അതെ, നാമും പാപത്തിന് വഴങ്ങുന്നില്ലെങ്കിൽ, താഴ്മയോടെ ദൈവത്തെ സ്തുതിക്കുകയും മറ്റുള്ളവരെ ഉദാരമായി സേവിക്കുകയും ചെയ്താൽ, സ്വർഗ്ഗം എത്തിച്ചേരാവുന്ന ദൂരത്താണ്" എന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമിപ്പിക്കുന്നു. (Pope Francis, Angelus, Solemnity of the Assumption of Blessed Virgin Mary, 15.08.2022) പ്രത്യാശ സ്വർഗ്ഗോൺമുഖമായ പ്രേരണയുടെ ആന്തരീക സ്വരമാണ്. അത് മനോഹരമായ ഈണത്തിൽ തന്റെ സ്തോത്രഗീതത്തിലൂടെ മറിയം ആലപിക്കുകയായിരുന്നു.

**പ്രവർത്തനത്തിന്**

***1. "മറിയത്തിന്റെ കാഴ്ചപ്പാടിലൂടെ" മറിയത്തിന്റെ മാതൃകാപരമായ സ്വത്വം മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്ന സ്തോത്രഗീതം നമുക്ക് മനഃപാഠമാക്കാൻ ശ്രമിക്കാം.***

***2. "മറിയത്തോടൊപ്പം യേശുവിലേക്ക്" എന്ന വി. ലൂയി മോണ്ട്ഫോർട്ടിന്റെ ആത്മീയത അനുകരിച്ച് ഈ ഒക്ടോബർ മാസം മുഴുവനും മുടക്കം കൂടാതെ ജപമാല ചൊല്ലുവാൻ നമുക്ക് പരിശ്രമിക്കാം.***

***3. ജീവിതപ്രശ്നപ്രതിസന്ധികളിൽ അകപ്പെടുമ്പോൾ നാം Magnify ചെയ്ത് കാണാനും കാട്ടാനും ആഗ്രഹിക്കുന്നത് നമ്മുടെ കുറവുകളും പിഴവുകളും പോരായ്മകളും മാത്രമാണോ? അങ്ങനെ ചെയ്യുകവഴി തന്നിലേയ്ക്കുതന്നെ ഒതുങ്ങി നിരാശയിലേയ്ക്ക് വഴുതിവീണ് മദ്യം മയക്കുമരുന്ന് (Substance Abuse), അതിയായ Mobile Phone ഉപയോഗം, സ്വയംഭോഗം, അശ്ലീലചിത്രം (Behavioural Addiction) എന്നിവയ്ക്ക് നാം അടിമപ്പെട്ടുപോകുന്നുണ്ടോ?***

***4. വചനത്തെ ഗർഭംധരിച്ച മറിയത്തിന്റെ മാതൃകയനുകരിച്ച് ഒക്ടോബർ മാസത്തിലെ 31 ദിവസങ്ങളിൽ ഓരോ ദിവസവും ഒരു വചനം എന്ന ലക്ഷ്യത്തിൽ 31 വചനങ്ങൾ ഹൃദ്യസ്ഥമാക്കാം.***

**ചർച്ചയ്ക്ക് :**

***1. "സ്വർഗ്ഗം എത്തിച്ചേരാവുന്ന ദൂരത്തിലാണെന്ന് അവൾ നമുക്ക് കാണിച്ചുതരുന്നു." ഇന്നിന്റെ സാഹചര്യത്തിൽ നമ്മുടെ ഇടവകയുടെയും കുടുംബക്കൂട്ടായ്മയുടെയും പശ്ചാത്തലത്തിൽ ഉച്ചത്തിൽ മുഴങ്ങികേൾക്കേണ്ടതായ 'പ്രത്യാശയുടെ സ്വരം' എന്താണ്?***

പിശാചിനെതിരായ പ്രധാന പ്രതിവി കന്യകാമറിയത്തിൽ അഭയം പ്രാപിക്കുക എന്നതാണ്.
- ആവിലായിലെ വി. ജോൺ

# രൂപത വാർത്തകൾ



ദിദിമോസ്
സർക്കുലേഷൻ മാനേജറായിചാർജ്ജെടുക്കുന്ന
**ബഹു. പ്രവീൺ കുരിശിങ്കൽ അച്ചനും**
അസി. എഡിറ്ററായി ചാർജ്ജെടുക്കുന്ന
**ബഹു. ബിയോൺ കോണത്ത് അച്ചനും**
ദിദിമോസ് കുടുംബത്തിലേക്ക്
**സ്വാഗതം**





ദിദിമോസ്
സർക്കുലേഷൻ മാനേജറായിരുന്ന
**ബഹു. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി അച്ചനും**
അസി. എഡിറ്ററായിരുന്ന
**ബഹു. നിഖിൽ മുട്ടിക്കലച്ചനും**
**യാത്രാമംഗളങ്ങൾ...**



## അഭിനന്ദനങ്ങൾ



എംബിബിഎസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ മേത്തല ഇടവകയിലെ ഋതിക സാബു (കേരള ബാങ്ക് മാള ബ്രാഞ്ച് മാനേജർ സാബു K.O യുടേയും പുല്ലൂറ്റ് വില്ലേജ് ഓഫീസർ സോണി സാബുവിന്റെയും മകളാണ്) മോൾക്ക് അഭിനന്ദനങ്ങൾ

### ക്ലീറ്റസ് ജോസഫ് വി. പോലീസ് മെഡലിന് അർഹനായി



മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് അർഹനായ ക്ലീറ്റസ് ജോസഫ് വി. തിരുഹൃദയ ലാറ്റിൻ ഇടവകാംഗമാണ്. തൃശ്ശൂർ സിറ്റി പോലീസ് സേനയിൽ മോട്ടോർ ട്രാൻസ്പോർട് വിങ് സബ് ഇൻസ്പെക്ടർ (G) ആയി സേവനം ചെയ്യുന്നു.

*നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം.*
ലൂക്കാ 1:31

## 100% വിജയം – കിഡ്സ് ഐടിഐ




കോട്ടപ്പുറം കിഡ്സ് പ്രൈവറ്റ് ഐടിഐ യിൽ നിന്നും 2025 ൽ വിജയം നേടിയവരുടെ Convocation ceremony ഉദ്ഘാടനവും മികച്ച ട്രെയിനികൾക്കുള്ള പുരസ്കാര വിതരണവും സർട്ടിഫിക്കറ്റ് വിതരണവും 2025 സെപ്റ്റംബർ 23ന് രാവിലെ 11 മണിക്ക് മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ടി എം ഗീത നിർവഹിച്ചു. ചടങ്ങിൽ കിഡ്സ് ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി അധ്യക്ഷക്ഷനായിരുന്നു.

## കലയുടെ മാമാങ്കമൊരുക്കി കെ.സി.വൈ.എം കോട്ടപ്പുറം രൂപത – ഉത്സവ് 2K25



നൃത്തവും നാട്യവും സംഗീതവും സർഗ്ഗാത്മകതയും നിറഞ്ഞാടിയ 'ഉത്സവ് 2K25' കെ.സി.വൈ.എം കോട്ടപ്പുറം രൂപത കലോത്സവം മഹത്തായ വിജയത്തോടെ സമാപിച്ചു. സി. മേരി പൈലി മെമ്മോറിയലിന്റെ പേരിൽ ഏർപ്പെടുത്തിയ 'ഉത്സവ് 2025' ൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി മാനാഞ്ചേരിക്കുന്ന് കെ.സി.വൈ.എം യൂണിറ്റ് ജേതാക്കളായി. ചെട്ടിക്കാട്, ഗോതുരുത്ത് യൂണിറ്റുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കെ.സി.വൈ.എം കോട്ടപ്പുറം രൂപതയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 13,14 തീയതികളിൽ സെന്റ് ആൻസ് ഹയർ സെക്കന്ററി സ്കൂളിലായിരുന്നു കലയുടെയും രചനയുടെയും മാറ്റുരച്ച കലോത്സവം. കോട്ടപ്പുറം രൂപത വികാർ ജനറൽ മോൺ. ഫാ.റോക്കി റോബിൻ കളത്തിൽ കലോത്സവത്തിന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം കോട്ടപ്പുറം രൂപത പ്രസിഡന്റ് ജെൻസൻ ആൽബി അധ്യക്ഷത വഹിച്ച സമാപന സമ്മേളനത്തിൽ മുഖ്യാഥിതികൾ സിനിമ ഡയറക്ടർ സിന്റോ സണ്ണി, സിനിമാ പിന്നണി ഗായകരായ ഹിമ്ന ഹിലാരി, ഹിനിത ഹിലാരി എന്നിവരായിരുന്നു.

## മോൺസിഞ്ഞോർ റാഫേൽ ഒളാട്ടുപുറം അനുസ്മരണം




പ്രമുഖ വിദ്യാഭ്യാസ വിദഗ്ദ്ധനും എറണാകുളം സെന്റ് പോൾസ് കോളേജ് മുൻ പ്രിൻസിപ്പലും എറിയാട് ഫാത്തിമ മാതാ ചർച്ച് പ്രഥമ വികാരിയുമായിരുന്ന ഫാ. റാഫേൽ ഒളാട്ടുപുറത്തിന്റെ 15-മത് ചരമ വാർഷികദിനത്തോടനുബന്ധിച്ച് എറിയാട് ഫാത്തിമ മാതാ ചർച്ച് വിദ്യഭ്യാസ ട്രസ്റ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 1 ന് അനുസ്മരണവും ഫോട്ടോ അനാശ്ചാദനവും നടത്തി. കണ്ണൂർ രൂപത സഹായ മെത്രാൻ ഡെന്നീസ് കുറുപ്പശ്ശേരി ഫോട്ടോ അനശ്ചാദനം ചെയ്തു. കയ്പമംഗലം എം. എൽ എ ടൈസൺ മാസ്റ്റർ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

## ഡോൺ ബോസ്കോയിൽ നവീകരിച്ച ഓപ്പറേഷൻ തിയറ്റർ കോംപ്ലക്സ് ഉദ്ഘാടനം ചെയ്തു

ഡോൺ ബോസ്കോ ആശുപത്രിയുടെ ഓപ്പറേഷൻ തിയറ്റർ സമുച്ചയത്തിന്റെ നവീകരിച്ച ഭാഗം ഉദ്ഘാടനം ചെയ്തു. ആധുനിക സൗകര്യങ്ങളോടും ലാമിനാർ എയർഫ്ളോസ് സിസ്റ്റത്തോടും കൂടിയ നവീകരിച്ച ഓപ്പറേഷൻ തിയറ്റർ കോട്ടപ്പുറം രൂപത മെത്രാൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ ആശിർവ്വദിച്ച് നാടിനു സമർപ്പിച്ചു.





മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു.
ലൂക്കാ 2:19

## ഡോൺ ബോസ്കോ ആശുപത്രിയുടെ 30–ാം വാർഷീകവും, സ്കൂൾ ഓഫ് നഴ്സിംഗിന്റെ രജത ജൂബിലിയും 22 ഉം 23 ഉം ബാച്ചുകളുടെ ബിരുദദാന ചടങ്ങും



ഡോൺ ബോസ്കോ സ്കൂൾ ഓഫ് നഴ്സിംഗിന്റെ രജത ജൂബിലിയും, 22ഉം 23ഉം ബാച്ചുകളുടെ ബിരുദദാനവും ഡോൺ ബോസ്കോ ആശുപത്രിയുടെ 30–ാം വാർഷീകവും വിവിധ പരിപാടികളോടെ സാഘോഷം നടത്തപ്പെട്ടു. ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര സദസ്സിനെ സ്വാഗതം ചെയ്തു. ഇതോടനുബന്ധിച്ച് ആശുപത്രിയിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം കേരള ലെജിസ്ലേറ്റീവ് അസംബ്ലിയുടെ ആദരണീയനായ പ്രതിപക്ഷ നേതാവ് അഡ്വ ശ്രീ വി.ഡി സതീശൻ നിർവഹിച്ചു. കോട്ടപ്പുറം രൂപതാ മെത്രാൻ ഡോ. അംബ്രോസ് പൂത്തൻവീട്ടിൽ അദ്ധ്യക്ഷ്യത വഹിച്ചു. ആർച്ച് ബിഷപ്പ് എമിരിറ്റസ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. ട്രെയ്ൻഡ് നഴ്സസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരള ഘടകം പ്രസിഡന്റ് പ്രൊഫസർ ഡോ. രേണു സൂസൻ തോമസ് മുഖ്യ പ്രഭാഷണം നടത്തികൊണ്ട് ബിരുദധാരികളായ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. നഴ്സിംഗ് സൂപ്രണ്ടന്റ് സിസ്റ്റർ ബർത്ത്ലോമിയ പ്രതിജ്ഞാവാചകം ചൊല്ലികൊടുത്തു. നഗരസഭ അദ്ധ്യക്ഷ ശ്രീമതി ബീന ശശിധരൻ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകികൊണ്ട് സദസ്സിനെ സംബോധന ചെയ്തു. പറവൂരിന്റെ അഭിമാനമായ, വളർന്നുവരുന്ന സിനി ആർട്ടിസ്റ്റ് ശ്രീ. വിനോദ് കെടാമംഗലത്തിനെ കോട്ടപ്പുറം രൂപതാ മെത്രാൻ ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പൊന്നാട അണിയിച്ച് ആദരിച്ചു.

**കോട്ടപ്പുറം രൂപതയുടെ സോഷ്യൽ സർവീസ് സെന്ററായ KIDS ന്റെ ടെയ്ലറിങ് യൂണിറ്റിലേക്ക് (പൊയ്യയിൽ)**

**തയ്യൽ അറിയാവുന്ന വനിതകളെ ജോലിക്കായി ആവശ്യമുണ്ട്.**

**(സമയം 10.00 am മുതൽ 3.00 pm വരെ)**

**താല്പര്യമുള്ളവർ ഈ നമ്പറിൽ ബന്ധപെടുക ✆ 7306082578**



## സാൻജോ മീറ്റ്



ചാലക്കുടി ഹോളി ഫാമിലി ഇടവകയിൽ ഇടവക വികാരി റവ. ഫാ. ജൈജു ഇലഞ്ഞിക്കൽ സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നു.



കൊടുങ്ങല്ലൂർ സെന്റ് തോമസ് ഇടവകയിൽ ഇടവക വികാരി റവ. ഫാ. ഫ്രാൻസിസ് താണിയത്ത് സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നു



തുരുത്തിപ്പുറം സെന്റ് ഫ്രാൻസിസ് അസീസി ഇടവകയിൽ ഇടവക വികാരി റവ. ഫാ. ജോയ് സ്രാമ്പിക്കൽ, സഹവികാരി ഫാ. ടോണി പിൻഹീറോ എന്നിവർ ചേർന്ന് സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്യുന്നു.

## സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി




കോട്ടപ്പുറം രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി (കിഡ്സ് കോട്ടപ്പുറം) മെഡികെയർ ഹോസ്പിറ്റൽ കൊടുങ്ങല്ലൂർ, ഐ.ഡി.എഫ്.സി ഫസ്റ്റ് ഭാരത് എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് എറിയാട് ഫാത്തിമ മാതാ പള്ളി പാരീഷ് ഹോളിൽ വച്ച് സംഘടിപ്പിച്ചു. സമർപ്പൺ ഡയറക്ടർ ഡോ. അലക്സ് കൊടിയത്ത് ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ എറിയാട് ഫാത്തിമ മാതാ ഇടവക വികാരി റവ. ഫാ. ആൽബി കോണത്ത് അദ്ധ്യക്ഷനായിരുന്നു. ഇ.എൻ.ടി, പൾമണോളജി, ജനറൽ മെഡിസിൻ, ഡയറ്റീഷ്യൻ, ഫാർമസി, ലാബ് എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാർ നേതൃത്വം നൽകിക്കൊണ്ട് രോഗ പരിശോധനകളും ആരോഗ്യസേവനങ്ങളും നടന്നു. 200 ഓളം പേർ ക്യാമ്പിൽ പങ്കെടുത്തു.

## നേതൃത്വ പരിശീലന കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം നടത്തി



കോട്ടപ്പുറം രൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ കിഡ്സിന്റെ നേതൃത്വത്തിൽ സ്ത്രീ ശാക്തീകരണതിൻറെ ഭാഗമായി ലീഡേഴ്സ് ട്രെയ്നിങ്ങ് കോഴ്സ് 'സത്ബോധന' യുടെ ഉദ്ഘാടനം പറവൂർ സബ് ഇൻസ്പെക്ടർ ശ്രീ. കെ.എ ബെൻസി നിർവ്വഹിച്ചു. തൃശൂർ, എറണാകുളം ജില്ലകളിൽ ഗ്രാമപഞ്ചായത്തുകളിലായി സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ സുസ്ഥിര വികസനം സാധ്യമാകുന്നതിനായി നടത്തിവരുന്ന പദ്ധതിയാണ് 'സത്ബോധന' (ഏകവത്സര നേതൃത്വ പരിശീലന പരിപാടി). സുസ്ഥിര വികസനത്തിന് കുടുംബശ്രീകളുടെ പങ്ക്, വ്യക്തിത്വ വികസനം, ആശയവിനിമയം, പ്രസംഗ പരിശീലനം, നേതൃത്വവും സാമൂഹ്യ പ്രതിബദ്ധതയും, പങ്കാളിത്ത്വാധിഷ്ഠിത ഗ്രാമ അവലോകന പരിപാടി, പ്രൊജക്റ്റ് തയ്യാറാക്കൽ, മാനസികാരോഗ്യം, സാമൂഹ്യ വിശകലനം, ഫീൽഡ് വിസിറ്റ് തുടങ്ങിയവയാണ് കോഴ്സിലൂടെ ഒരു വർഷത്തിനുള്ളിൽ നൽകി വരുന്നത്. പരിശീലനം പൂർത്തിയാക്കിയ 45 ലീഡേഴ്സിന്, സർട്ടിഫിക്കറ്റ് വിതരണവും മികവു തെളിച്ചവർക്കുള്ള അംഗീകാര സമർപ്പണവും നടന്നു. എസ്എച്ച്ജിയിൽ നിന്നുള്ള 100 യോളംസ്ത്രീകൾ പരിപാടിയിൽ പങ്കെടുത്തു.

## ചിലമ്പൊലി – 2025 ഉദ്ഘാടനം ചെയ്തു.

പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ സ്ക്കൂൾ കലോത്സവം - ചിലമ്പൊലി -2K25 വിദ്യാലയത്തിന്റെ അസി. മാനേജർ റവ.ഫാ. സിന്റോ കുരിയപറമ്പിൽ ഉദ്ഘാടനം ചെയ്തു. മാതൃസംഘം ചെയർ പേഴ്സൻ ജ്യോതി ടി.ആർ. അദ്ധ്യക്ഷത വഹിച്ചു. പ്രധാന അധ്യാപകൻ




സേവ്യർ പുതുശ്ശേരി, ഫസ്റ്റ് അസിസ്റ്റൻഡ് സീന. എ.ജെ., ജനറൽ കൺവീനർ ശാരിക. ടി.എസ്, പ്രോഗ്രാം കൺവീനർ നിമ്മി ജോയ് എന്നിവർ സംസാരിച്ചു. രണ്ടു വേദികളിൽ രണ്ടു ദിവസങ്ങളിലായി നടക്കുന്ന കലാമേളയിൽ വിവിധ ഇനങ്ങളിലായി മുന്നൂറിലധികം കലാകാരന്മാർ മത്സരിക്കുന്നു.

## സെന്റ് മേരീസിൽ ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് നടത്തി



പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായി ഏകദിന ആധുനിക സാങ്കേതിക വിദ്യ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. പ്രധാന അധ്യാപകൻ സേവ്യർ പുതുശ്ശേരി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലാ കൈറ്റ്സ് മാസ്റ്റർ ട്രെയിനർമാരായ നിക്സൺ ഡിക്കോത്ത്, സന്ദീപ് സി. എന്നിവർ ക്ലാസുകൾ നയിച്ചു. ആധുനിക സാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിൽ കുട്ടികൾക്ക് പ്രായോഗിക പരിജ്ഞാനം നൽകാനാണ് ഈ ക്യാമ്പ് സംഘടിപ്പിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആനിമേഷൻ, റോബോട്ടിക്സ് തുടങ്ങിയ മുൻനിര സാങ്കേതിക വിഷയങ്ങളിലാണ് പരിശീലനം നൽകിയത്. കോഡിനേറ്റർമാരായ സ്നേഹ ആൽബർട്ട്, മേരി ജെയിൻ, നവനീത് ടി.എസ്. എന്നിവർ നേതൃത്വം നൽകി.

### വിശ്വാസ പരിശീലന അറിയിപ്പുകൾ

| | |
|---|---|
| **2025 ഒക്ടോബർ 05, ഞായർ** | ഒന്നാം സെമസ്റ്റർ വിശ്വാസ പരിശീലന പരീക്ഷ |
| **2025 ഒക്ടോബർ 11, 12** (ശനി, ഞായർ) | BCTC |

### 2025 സെപ്തംബർ 14, 21 തിയ്യതികളിൽ രൂപതയിലെ വിശ്വാസ പരിശീലന യൂണിറ്റുകൾക്കായി നടത്തപ്പെട്ട സ്വർഗ്ഗീയ സംഗീത മത്സരഫലം

**Section A**
- I - Infant Jesus Unit, Kadakkara
- II - Nithyasahaya Matha Unit, Kuruvilassery
- III - St. Antony Unit, Koorkkamattam

**Section B**
- I - Fathima Matha Unit, Eriyad
- II - Lourde Matha Unit, Kurisingal
- III - St. Jude Unit, Methala

**Section C**
- I - Sacred Heart Unit, Areepalam
- II - Holy Family Unit, Munambam
- III - Holy Family Unit, Chalakudy

**Section D**
- I - St. Antony Unit, Malapallipuram
- II - St. Antony Unit, Chettikad
- III - Sacred Heart Unit, Thrissur

**Section E**
- I - St. Francis Xavier Unit, Sampaloor
- II - Little Flower Unit, Koottukad
- III - St. Michael Unit, Kottapuram



അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ.
യോഹ 2:5

## പിതാവിന്റെ ഡയറി - ഒക്ടോബർ 2025

| | | |
|---|---|---|
| 01-10-2025 | 5.30pm | Mass at St.Raphael Church,Thykoodam |
| 02-10-2025 | 10.00 am | Mass @ St.Jude Church,Kuttanellur |
| 04-10-2025 | 4.30 pm | Mass @ Little Flower Church,Potta |
| 05-10-2025 | 9.30 am | Mass @ Little Flower Church, kootukad |
| | 5.00 pm | Seminary Day @ Manalikkad |
| 07-10-2025 | 3.30pm | First Profession –Divine zeal Sisters @ Ashtamichira |
| 08-10-2025 | 5.30pm | Mass @ Japamala ranji Church, Thiruthipuram |
| 09-10-2025 | 6.00pm | Mass @ St. Teresa's Shrine, Mahe |
| 12-10-2025 | 9.30 am | Mass @ St. Peter & Paul Church – Amaravathy |
| 14-10-2025 | | KRLCC |
| 19-10-2025 | 9.30 am | Mass @Church of Our lady of Fathima, Eriyad |
| 20-10-2025 | 11.30 am | Mass @ Chittoor retreat centre |
| 21-10-2025 | 11.30 am | Mass @ Good shepherd , Kunnamkulam |
| 22-10-2025 | 5.30 pm | Mass @ St. Jude Shrine Ettekar ,Aluva |
| 23-10-2025 | 10.30 am | Mass @ Dominican Sisters of Pompai's Convent, Kottuvally |
| 25-10-2025 | 5.00 pm | Mass @ Mass @ Japamala Ranji Church , Cherai |
| 26-10-2025 | | Pastoral visit @ Mulagunnathukavu |
| 27-10-2025 | 10.30 am | Meeting @ Ernakulam |
| 28-10-2025 | 5.30 pm | Mass @ St Joseph Church & St Jude Shrine Thevara |

## ലോഗോസ് ക്വിസിന്റെ സെപ്റ്റംബർ മാസത്തെ ഉത്തരങ്ങൾ

1. ഗിലെയാദ്, 2. ക്ലെയോപാസ്, 3. നാഥാൻ, 4. ജ്ഞാനസ്നാനം, 5. തോബ്, 6. പ്രവാചകനായിരുന്നു, 7. സിംഹാസനവും, 8. കൃപ, 9. ബാലാക്ക്, 10. അവരുടെ ഹൃദയം ജ്വലിച്ചു, 11. സോളമൻ, 12. ശിരസ്സായ ക്രിസ്തുവിലേക്ക്, 13. അമ്മോന്യർ, 14. നിങ്ങൾക്കു സമാധാനം, 15. റഹോബോവാം, 16. വിജാതീയരെപ്പോലെ, 17. നാലു ദിവസം, 18. ദേവാലയത്തിൽ, 19. നെബോത്ത്, 20. പരിശുദ്ധാത്മാവിനെ

### ശരിയുത്തരങ്ങൾ അയച്ചവർ

1. മിനി ജോസഫ്, കടൽവാതുരുത്ത്
2. ഉഷ ജോസഫ്, മേത്തല
3. ലാനി സ്റ്റിഫൻ, മേത്തല
4. ലിൻസി, കൊടുങ്ങല്ലൂർ
5. മേരി വിൻസന്റ്, മേത്തല
6. ടിസ്മി ടോമി, മേത്തല
7. മിനി പീറ്റർ, കോട്ടപ്പുറം
8. ഷീബ സാജൻ, പൊയ്യ
9. ടെൻസി ജോസ്, തുരുത്തൂർ
10. വർഗ്ഗീസ് കെ.എം, മാനാഞ്ചേരിക്കുന്ന്
11. ഹെലൻ ജിജ ഡിസിൽവ, സമ്പാളൂർ
12. ആൽഫ്രഡ് കെ. ബിജു, കാര
13. ബീന സി.എ, കൂട്ടുകാട്
14. ജോഷി തോമസ്, കൂട്ടുകാട്
15. ഗിൽഡ പോൾ, മാനാഞ്ചേരിക്കുന്ന്
16. സ്റ്റെല്ല ആന്റണി, കടക്കര
17. ആൻസി സജി, ശൃംഗപുരം
18. ഷൈനി വിൽസൺ, കാര
19. ജോഷി മംഗലത്ത്, കാര
20. ബെറ്റ്സി ആന്റണി, വി.പി തുരുത്ത്, കോട്ടപ്പുറം

യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനമറിയവും നിൽക്കുന്നുണ്ടായിരുന്നു.

യോഹ 19:25

# വചനധ്യാനം



# വചനം പഠിക്കാം ഈശോയെ അറിയാം

**പഠിച്ചൊരുങ്ങാനുള്ള വചനഭാഗം**

▸ ന്യായാ 12 ▸ പ്രഭാ 48 ▸ എഫേ 5 ▸ ലൂക്കാ 17

1. എഫ്രായിംകാർ യുദ്ധത്തിനൊരുങ്ങി എങ്ങോട്ടേയ്ക്കാണ് ചെന്നത്?
2. ഈ ചെറിയവരിൽ ഒരുവന് ദുഷ്പ്രേരണ നൽകുന്നതിനേക്കാൾ എന്തുചെയ്യുന്നതാണ് നല്ലത് എന്നാണ് കർത്താവ് പറയുന്നത്?
3. പ്രവാചകനായ ഏലിയാ എന്തുപോലെയാണ് പ്രത്യക്ഷപ്പെട്ടത്?
4. "ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും -------- ജീവിക്കുവിൻ"
5. ജഫ്ത ഇസ്രായേലിൽ എത്രവർഷം ന്യായപാലനം നടത്തി?
6. നിന്റെ സഹോദരൻ തെറ്റുചെയ്താൽ അവനെ ശാസിക്കുക. പശ്ചാത്തപിച്ചാൽ അവനോട് എന്തു ചെയ്യാനാണ് പറഞ്ഞത്?
7. കർത്താവിന്റെ വാക്കുകൊണ്ട് അവൻ എന്താണ് ചെയ്തത്?
8. "നിങ്ങൾ അവിവേകികളെപ്പോലെയാകാതെ --------- പോലെ ജീവിക്കാൻ ശ്രദ്ധിക്കുവിൻ."
9. ഇബ്സാൻ ഏതു സ്ഥലക്കാരനായിരുന്നു?
10. കുഷ്ഠരോഗികളിൽ എത്രപേർക്കാണ് സൗഖ്യം ലഭിച്ചത്?
11. ഏലിയാ അത്ഭുതപ്രവർത്തികളിൽ നീ ------.
12. ക്രിസ്തു തന്റെ ശരീരമായ സഭയുടെ ------ ആയിരുന്നു.
13. സെബുലൂൺ ദേശത്ത് എവിടെയാണ് എലോനെ സംസ്കരിച്ചത്?
14. "ദൈവരാജ്യം എപ്പോഴാണ് വരുന്നത്?" എന്ന ചോദ്യം ചോദിച്ചത് ആര്?
15. കർത്താവ് ആരുടെ പാളയമാണ് തകർത്തത്?
16. ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തം --------- പോലെ സ്നേഹിക്കണം.
17. ഹില്ലേലിന്റെ മകന്റെ പേര്?
18. ദൈവരാജ്യം എവിടെ ഉണ്ടെന്നാണ് കർത്താവ് പറഞ്ഞത്?
19. അവൻ തന്റെ പിതാവായ ----------- ന്റെ മാർഗ്ഗത്തിൽ ഉറച്ചുനിന്നു.
20. പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ആരോടാണ് ചേരുന്നത്?



സെപ്റ്റംബർ മാസത്തെ ചോദ്യങ്ങൾക്ക് ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി

**ടെൻസി ജോസ്, തുരുത്തൂർ**

**ഉത്തരങ്ങൾ ഒക്ടോബർ 15-ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ പേരും സ്ഥലവും ഫോൺ നമ്പർ സഹിതം ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**


didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം - 680 667**




ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു. ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!

ലൂക്കാ 1:28

# ജപമാലരാജ്ഞി തീർത്ഥാടന ദൈവാലയം
# തുരുത്തിപ്പുറം



## പരിശുദ്ധ ജപമാലരാജ്ഞി മാതാവിന്റെ
## സൗഖ്യദായകമായ

# ഊട്ടുതിരുനാൾ
2025

**നവനാൾ ദിനങ്ങൾ**
സെപ്തംബർ 29 മുതൽ
ഒക്ടോബർ 7 വരെ

ജീവിത നവീകരണ
**മരിയൻ ധ്യാനം**
ഒക്ടോബർ 6,7 തീയതികളിൽ

**കൊടികയറ്റം**
ഒക്ടോബർ 8

**ഊട്ടുതിരുനാൾ ദിനം**
ഒക്ടോബർ 11

**തിരുനാൾ ദിനം**
ഒക്ടോബർ 12